

LIGHTED TO LIGHTEN

# ഹെർമ്മോൻ ദൂതൻ

അടൂർ ഭദ്രാസന ത്രൈമാസിക

2020 ഒക്ടോബർ – ഡിസംബർ, ലക്കം 18

## കുടുംബവും യുവജനങ്ങളും


## ജന്മദിനാശംസകൾ



അഭി. ഡോ. യുയാക്കീം മാർ
കൂറിലോസ് എപ്പിസ്കോപ്പാ
നവംബർ 25



അഭി. തോമസ് മാർ
തിമൊഥെയോസ് എപ്പിസ്കോപ്പാ
ഡിസംബർ 13



അഭി. ഡോ. ഐസക് മാർ
ഫിലക്സിനോസ് എപ്പിസ്കോപ്പാ
ഡിസംബർ 05



**കലയപുരം മാർത്തോമ്മാ റസിഡൻസിയൽ സ്കൂൾ വെബ്സൈറ്റ്
അഭി. ഡോ. എബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പാ ഉദ്ഘാടനം ചെയ്യുന്നു.**

# ഉള്ളടക്കം


**02**
ഭദ്രാസന എപ്പിസ്കോപ്പായുടെ കത്ത്

**04**
ഭദ്രാസന സെക്രട്ടറിയുടെ അറിയിപ്പ്

**05**
എഡിറ്റോറിയൽ



**06**
**വിശുദ്ധകന്യകമറിയം മഹനീയ മാതൃക**
റവ. റ്റി.കെ. അലക്സാണ്ടർ തരകൻ



**09**
**യുവത്വം ക്രിസ്തുവിലൂടെ**
ഷിൻസി തോമസ്



**11**
**കൊറോണ: യുവതയുടെ ആശങ്കയും പ്രതീക്ഷയും**
റവ. അജിത് കെ. തോമസ്



**14**
**കോവിഡാനന്തര സഭയും സമൂഹവും...**
റവ. സുനിൽ ചാക്കോ



**18**
**മരണവിളി**
സനോജ് സജി



**21**
**നിയമവാഴ്ചയും നീതിവാഴ്ചയും വഴിപിരിയുമ്പോൾ...**
റവ. സജു ശമുവേൽ സി.



# ഹെർമ്മോൻ ദൂതൻ

അടൂർ ഭദ്രാസന ത്രൈമാസിക

2020 ഒക്ടോബർ – ഡിസംബർ, ലക്കം 18

പ്രസിഡന്റ്
**റൈറ്റ് റവ. ഡോ. ഏബ്രഹാം മാർ പൗലൊസ് എപ്പിസ്കോപ്പാ**

ഭദ്രാസന സെക്രട്ടറി
**റവ. വി. കുഞ്ഞുകോശി**

ചീഫ് എഡിറ്റർ
**റവ. പി. ജെ. തോമസ്**

മാനേജർ
**റവ. ഷിബു മാത്യു**

കമ്മിറ്റി അംഗങ്ങൾ
**റവ. മാത്യു പി. തോമസ്**
**ശ്രീ. വർഗ്ഗീസ് തരകൻ**
**ശ്രീ. കെ. ജോൺസൺ വൈദ്യൻ**
**അഡ്വ. പി. കെ. സക്കറിയ**
**ശ്രീ. ജോൺ സക്കറിയ**
**ശ്രീമതി സുമ ജോർജ്ജ്**

കവർ & ലേഔട്ട്
**ക്രയോൺസ് മീഡിയ, തിരുവല്ല**

വിലാസം:
**എഡിറ്റർ, ഹെർമ്മോൻ ദൂതൻ**
ഹെർമ്മോൻ അരമന
അടൂർ - 691 523

**വാർഷിക വരിസംഖ്യ – 50/–**



**24** **കുടുംബം: ബന്ധങ്ങളുടെ ആരംഭവും അടിസ്ഥാനവും**
റവ. ലിജോ മാത്യു ജോർജ്

**26** **കുടുംബം: ഭൂമിയിലെ സ്വർഗ്ഗം**
അലീന ജോൺസൺ

**27** **ചെറുതിന്റെ വലുപ്പം**
ചാക്കോ വർഗ്ഗീസ്



04734 228240 hermondoothan@gmail.com www.adoordiocese.org

# ഭദ്രാസന എപ്പിസ്കോപ്പായുടെ കത്ത്



കർത്താവിൽ പ്രിയരെ,
ക്രിസ്തുയേശുവിൽ ഏവർക്കും സ്നേഹ വന്ദനം

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ സാധാരണ ജീവിതക്രമം തന്നെ പല പരിമിതികൾ നേരിട്ട് കൊണ്ടിരിക്കുന്ന ഈ കാലയളവിൽ കൂടുതൽ ദൈവാശ്രയത്തോടും ജാഗ്രതയോടും കൂടെ നാം മുന്നോട്ട് പോകേണ്ടിയിരിക്കുന്നു. കോവിഡ് വ്യാപനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ജീവിതത്തെ കൂടുതൽ ഉണർവ്വോടും ഉന്മേഷത്തോടും കൂടെ പരിപാലിക്കുവാൻ ഏവരും അതീവ ശ്രദ്ധ പുലർത്തണം. പല പ്രവർത്തന മേഖലകളും തുറന്ന് കൊടുത്തിട്ടുണ്ടെങ്കിലും ആരാധനാലയങ്ങളും വിദ്യാലയങ്ങളും സാധാരണ നിലയിലേക്ക് വരുവാൻ കുറേകൂടി കാത്തിരിക്കേണ്ടിവരുമെന്നാണ് കരുതേണ്ടത്. എന്നാൽ ഓൺലൈൻ മാധ്യമത്തിലൂടെ കുട്ടികളുടെ പഠനം നിർവ്വഹിക്കുവാൻ ഒരു പരിധിവരെ കഴിയുന്നുണ്ട്. പൈതങ്ങൾ മുതൽ ഓൺലൈൻ ഉപയോഗം മൂലം മാധ്യമ ഉപാധികൾക്ക് അടിമകളായിപോകുവാൻ സാധ്യതയുണ്ട് എന്നുള്ളതുകൊണ്ട് തന്നെ മാതാപിതാക്കളുടെ അതീവശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടായിരിക്കണം. പഠനം എന്ന വ്യാജേന ഈ സൗകര്യത്തിന്റെ ദുരുപയോഗം ഉണ്ടാകുന്നില്ലാ എന്ന് ഉറപ്പാക്കേണ്ട ചുമതല മാതാപിതാക്കൾ നിസ്സാരമായി കാണരുത്. കുട്ടികളോട് ഒപ്പമുള്ള ഒരു യാത്രയായി കരുതി മാതാപിതാക്കളുടെ സാന്നിദ്ധ്യം ഉറപ്പാക്കണം.

ദൈവാലയങ്ങൾ അടഞ്ഞുകിടക്കുന്ന സാഹചര്യത്തിൽ എങ്ങനെ ആരാധനാ ജീവിതം കാര്യക്ഷമമാക്കുവാൻ കഴിയും എന്ന് നാം ഗൗരവമായി ചിന്തിക്കേണ്ടതാണ്. ഭവനാന്തരീക്ഷം ആരാധനയ്ക്ക് സഹായകരമായ വിധത്തിൽ പുനഃക്രമീകരിക്കുവാൻ കഴിയണം. രാവിലെയും വൈകിട്ടുമുള്ള കുടുംബ ആരാധന നടക്കുന്നതോടൊപ്പം ഞായറാഴ്ചകളിലും മറ്റ് വിശേഷ അവസരങ്ങളിലും ഭവനങ്ങളിൽ ആരാധന നടക്കുന്നു എന്ന് നാം തീർച്ചപ്പെടുത്തണം. അതല്ലായെങ്കിൽ കോവിഡാനന്തരം ആരാധനയോടുള്ള മമത നഷ്ടമായി എന്നു വരാം. പ്രായമുള്ളവരുടെയും 10 വയസ്സിൽ താഴെയുള്ള കുട്ടികളുടെയും ആത്മീയ പരിപോഷണം എപ്രകാരം കാര്യക്ഷമമാക്കാം എന്നുള്ളതിനെക്കുറിച്ച് നാം പര്യാലോചിച്ച് ആവശ്യമായ പുനഃക്രമീകരണങ്ങൾ ചെയ്യുവാൻ ഇടയാകണം. ആരാധനയിൽ പങ്കെടുക്കുവാൻ കഴിയാത്തതിന്റെ നഷ്ടബോധം ഇവരെ വല്ലാതെ വിഷമിപ്പിക്കുന്നുണ്ട്. പട്ടക്കാർക്ക് സാധ്യമാകുന്ന പ്രകാരേണ ഭവനങ്ങളിൽ ആരാധന ക്രമീകരിക്കുവാൻ കഴിയുമോ എന്ന് ആലോചിക്കണം. എത്രയും വേഗം കോവിഡിന് ശമനമുണ്ടായി ആരാധനാലയങ്ങൾ തുറന്നു പ്രവർത്തിക്കുവാൻ ഇടയാകേണ്ടതിന് വേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

നമ്മുടെ ഭദ്രാസനം പല പ്രായപരിധിയിലുള്ളവർക്കുവേണ്ടി വിവിധങ്ങളായ കൂടിവരവുകൾ ഓൺലൈൻ സംവിധാനത്തിലൂടെ ചെയ്തുകൊണ്ടിരിക്കുന്നു. സണ്ടേസ്കൂൾ കുട്ടികൾക്ക് സമാജം പാഠാവലി അനുസരിച്ചുള്ള ക്ലാസ്സുകൾ ഞായറാഴ്ചതോറും നൽകുന്നുണ്ട്. യുവജനസഖ്യം വിവിധ പ്രവർത്തനങ്ങൾ ശ്ലാഘനീയമാംവിധം നടത്തിവരുന്നു. സുവിശേഷ

സേവികാ സംഘ വാരാചരണത്തോടനുബന്ധിച്ച് യംഗ് വുമൺ ഫെല്ലോഷിപ്പ് നടത്തിയ പഠന സമ്മേളനം ശ്രദ്ധേയമായിരുന്നു. കൂടാതെ സെന്ററുകളുടെ സഹകരണത്തോടെ ഒരു പകൽ മുഴുവൻ നീണ്ടുനിന്ന പ്രാർത്ഥനാ ശൃംഖല നടത്തിയതും പ്രത്യേകം പ്രസ്താവ്യമാണ്. സംഘദിനത്തിൽ ഭദ്രാസനം പൊതുവായി ക്രമീകരിച്ച ആരാധന കൂടാതെ പ്രദേശിക തലത്തിലും ആരാധനകൾ ഭംഗിയായി സ്ത്രീകളുടെ നേതൃത്വത്തിൽ ക്രമീകരിക്കുകയുണ്ടായി. എല്ലാ മാസത്തിന്റെയും അവസാന ദിനം വൈകിട്ട് ധ്യാനയോഗം ക്രമീകരിച്ചുവരുന്നു. അപ്രകാരം ഓഗസ്റ്റ് മാസത്തിൽ അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ തിയോഡോഷ്യസ് സഫ്രഗൻ മെത്രാപ്പോലീത്താ നേതൃത്വം നൽകി. സെപ്റ്റംബർ 30-ാം തീയതി നടന്ന ധ്യാനയോഗത്തിന് അഭിവന്ദ്യ ഡോ. തോമസ് മാർ തീത്തൂസ് എപ്പിസ്കോപ്പാ നേതൃത്വം നൽകി. കുട്ടികളുടെ പഠന മികവ് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് നടന്നുവരുന്ന 'വിജയവഴി' പ്രോഗ്രാം മാസത്തിൽ രണ്ട് പ്രാവശ്യം നടത്തിവരുന്നു.

വിവിധ ജീവിത തുറകളിലുള്ള പ്രഗൽഭരും പ്രശസ്തരുമായവർ ക്ലാസുകൾക്ക് നേതൃത്വം നൽകുന്നു. മാസത്തിൽ ഒന്നിടവിട്ടുള്ള ആഴ്ചയിൽ പട്ടക്കാരുടെ കൂടിവരവുകൾ ക്രമമായി നടക്കുന്നു. തിരുവചന പഠനത്തോടൊപ്പം സമകാലീക വിഷയങ്ങൾ അധികരിച്ചുള്ള പഠനങ്ങളും ചർച്ചകളും നടന്നുവരുന്നു.

കോവിഡിന്റെ സാഹചര്യത്തിൽ ഇടവകസംഘം കൂടി വാർഷിക കണക്ക് അംഗീകരിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ പോലും അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനിയുടെ കല്പന പ്രകാരം നമ്മുടെ ഭദ്രാസനത്തിലെ ഇടവകകളും സംഘടനകളും എല്ലാം തന്നെ ഇന്റേണൽ/എക്സ്റ്റേണൽ ഓഡിറ്റിംഗ് പൂർത്തിയാക്കി കണക്കുകൾ യഥാസമയം സഭയിൽ സമർപ്പിച്ചിട്ടുണ്ട്. വികാരിമാരേയും ഇടവകചുമതലക്കാരേയും പ്രത്യേകം അഭിനന്ദിക്കുന്നു. ഭദ്രാസന കൗൺസിൽ കൂടി 2019-20 ലെ റിപ്പോർട്ടും കണക്കും ബഡ്ജറ്റും അംഗീകരിച്ച് സഭയിൽ തക്കസമയത്ത് നൽകുവാൻ കഴിഞ്ഞു.

നിർമ്മാണം പൂർത്തീകരിച്ച താന്നിക്കുന്ന് സെഹിയോൻ പള്ളിയുടെ കൂദാശയും തറയിൽക്കടവിൽ നിർമ്മിച്ച ചാപ്പലിന്റെ കൂദാശയും ഒക്ടോബർ മാസം 3-ാം തീയതി നടത്തുന്നതിന് വേണ്ട ക്രമീകരണങ്ങൾ ചെയ്തിരിക്കുന്നു. കലയപുരം മാർത്തോമ്മ ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ദൈവകൃപയാൽ ഭംഗിയായി നടക്കുന്നു. ഇലിപ്പക്കുളത്ത് നിർമ്മിക്കുവാൻ ആഗ്രഹിക്കുന്ന വയോജന മന്ദിരത്തിന്റെ നിർമ്മാണം സംബന്ധിച്ചുള്ള പ്രാഥമിക പ്രവർത്തനങ്ങൾ നടന്നുവരുന്നു.

'സൃഷ്ടിക്കൊരു സങ്കീർത്തനം' എന്ന പേരിൽ എല്ലാ വർഷവും നടത്തിവരാറുള്ള ക്രിസ്തുമസ് ഗാന ശുശ്രൂഷ ഈ വർഷവും ഡിസംബർ രണ്ടാം ഞായറാഴ്ച പതിവുപോലെ നടത്തുന്നതിന് ക്രമീകരണങ്ങൾ ചെയ്തുവരുന്നു. കൂടാതെ ജനുവരി ആദ്യവാരം നടത്താറുള്ള ഭദ്രാസന കൺവൻഷനും ആവശ്യമായ മുന്നൊരുക്കങ്ങൾ നിർവ്വഹിച്ചുവരുന്നു.

ഇടവകകളിൽ പൂർണ്ണതോതിൽ ആരാധനാ ക്രമീകരണങ്ങൾ നടക്കുന്നില്ലെങ്കിലും വികാരി അച്ചൻമാരുടെയും ശുശ്രൂഷകരുടെയും ശമ്പളം ഉൾപ്പെടെ നൽകേണ്ടുന്ന വിഹിതങ്ങൾ ഇടവക ട്രസ്റ്റിൽ അടയ്ക്കുന്നതിന് ഓരോ ഭവനക്കാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നമ്മുടെ ഭദ്രാസനത്തിൽ തന്നെയുള്ള പത്തനാപുരം ആശാഭവൻ, വവ്വാക്കാവ് ശാന്തി മന്ദിരം, പള്ളിപ്പാട് ദീപ്തി സ്റ്റീൽ ഡവലപ്മെന്റ് സെന്റർ, മണക്കാല ഗുരുകുലം, സത്യവാടി ഗഡ്ഗേശ്വർ മിഷൻ ഫീൽഡുകൾ എന്നിവകളുടെ നടത്തിപ്പിൽ സാരമായ സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. ഇക്കാര്യം മനസ്സിലാക്കി സഭാസ്നേഹികളായ ഏവരും ആവശ്യമായ സാമ്പത്തിക സഹായം നൽകുവാൻ ശ്രദ്ധിക്കുമല്ലോ. കൂടാതെ കോവിഡ്മൂലം ജോലി ഇല്ലാതെയും മറ്റും ബുദ്ധിമുട്ടുന്നവരെ സഹായിക്കുന്നതിലും നാം ശ്രദ്ധാലുക്കളായിരിക്കേണ്ടതാണ്. കോവിഡ് മൂലം എല്ലാം അസ്തമിച്ചു എന്ന് വിചാരിക്കാതെ കോവിഡാനന്തര ജീവിതത്തെക്കുറിച്ച് ശുഭപ്രതീക്ഷയോടെ ദൈവത്തിൽ ആശ്രയിച്ച് നമുക്ക് മുന്നേറാം. ഇതിലേക്ക് ത്രിയേക ദൈവം നമ്മെ സഹായിക്കട്ടെ.

കർത്തൃശുശ്രൂഷയിൽ

**ഡോ.ഏബ്രഹാം മാർ പൗലൊസ് എപ്പിസ്കോപ്പാ**

ഹെർമ്മോൻ അരമന, അടൂർ

01-10-2020

# ഭദ്രാസന സെക്രട്ടറിയുടെ
## അറിയിപ്പുകൾ



റവ. വി. കുഞ്ഞുകോശി

നമ്മുടെ ഭദ്രാസനത്തിന്റെ പ്രവർത്തനങ്ങളിൽ വ്യാപരിക്കുന്ന ദൈവകൃപയോർത്ത് വലിയവനായ ദൈവത്തിന്, സ്തോത്രം അർപ്പിക്കുന്നു. ഈ കോവിഡ് 19ന്റെ കാലയളവിലും നൂതനമായ ആശയങ്ങളും പ്രവർത്തന ചാതുര്യവും കൊണ്ട് ഭദ്രാസനത്തെയും അതിന്റെ പ്രവർത്തനങ്ങളെയും സജീവമായി നിലനിർത്തുന്നതിന് നമ്മുടെ ഭദ്രാസന എപ്പിസ്കോപ്പ തിരുമേനിയുടെ നിർദ്ദേശങ്ങളും കാലത്തിനൊത്ത തീരുമാനവും പ്രശംസനീയമാണ്.

ആഗസ്റ്റ് 15ന് ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ Zoom Platform ലൂടെ ഒരു ധ്യാനയോഗം ക്രമീകരിച്ചത് വളരെ അനുഗ്രഹപ്രദമായിരുന്നു. നമ്മുടെ തിരുമേനിയെ കൂടാതെ അഭി. ഗീവർഗീസ് മാർ തിയോഡോഷ്യസ് സഫ്രഗൻ മെത്രാപ്പോലീത്താ തിരുമേനിയും നേതൃത്വം നൽകി. പുതിയ സഫ്രഗൻ മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് പ്രവേശിച്ചിരിക്കുന്ന അഭിവന്ദ്യ തിരുമേനിക്ക് അടൂർ ഭദ്രാസനത്തിന്റെ എല്ലാവിധമായ ആശംസകളും പ്രാർത്ഥനകളും അറിയിക്കുന്നു. അടുത്ത ധ്യാനയോഗം സെപ്റ്റംബർ 30ന് നടത്തുവാനുള്ള ക്രമീകരണം ചെയ്തുവരുന്നു. അഭിവന്ദ്യ തോമസ് മാർ തീത്തോസ് തിരുമേനി മുഖ്യ അതിഥിയാണ്. എല്ലാവരും ഇതിൽ പങ്കാളികൾ ആകണമെന്ന് അറിയിക്കുന്നു.

ഭദ്രാസന സേവികാസംഘത്തിന്റെ നേതൃത്വത്തിൽ ഭദ്രാസനയംഗ് വിമൻ ഫെലോഷിപ്പ് എന്നിവയും നടത്തി. വിജയ വഴി വളരെ വിജയകരമായി എല്ലാ 2,4 ശനിയാഴ്ചകളിൽ നടന്നു വരുന്നു. ഇത് കുഞ്ഞുങ്ങൾക്ക് വളരെ പ്രയോജനകരമാണ്. വിവിധ മേഖലകളിൽ പ്രാവീണ്യം നേടിയവർ ക്ലാസുകൾക്ക് നേതൃത്വം നൽകുന്ന Zooom Meeting ലൂടെ ഇത് പ്രയോജനപ്പെടുത്തണം.

റൂബി ജൂബിലിയുടെ ഭാഗമായി യുവജന സംഖ്യാംഗങ്ങൾക്കുള്ള ഇടവകതലത്തിലുള്ള Essay competition പൂർത്തിയായി. സെന്റർ ഭദ്രാസനത്തിലുള്ളതിനുള്ള ക്രമീകരണം ചെയ്തുവരുന്നു.

സൃഷ്ടിക്കൊരു സങ്കീർത്തനം ഡിസംബർ 13–ാം തീയതി ഓൺലൈൻ ആയി നടത്തപ്പെടുന്നതാണ്. 2021 ലെ ഭദ്രാസന കൺവൻഷൻ ആളുകൾക്ക് കൂടിവരുവാൻ സാധിക്കുന്നില്ലെങ്കിൽ ഓൺലൈൻ ആയി നത്തുവാനും ക്രമീകരണം ഉണ്ട്. എല്ലാ 2,4 ചൊവ്വാഴ്ചകളിൽ പട്ടക്കാരുടെ മീറ്റിംഗും നടന്നു വരുന്നു. നമ്മുടെ ഭദ്രാസനത്തിലെ പന്തളം സെന്ററിലുള്ള താന്നിക്കുന്ന് സെഹിയോൻ ദേവാലത്തിന്റെയും തറയിൽ കടവ് ചാപ്പലിന്റെയും കൂദാശ ഒക്ടോബർ 3ന് നടത്തുന്നതാണ്.

ഈ കോവിഡ് കാലയളവിൽ നാം ആയിരിക്കുന്ന ഇടങ്ങളിൽ ഊർജ്ജസ്വലതയോടെ പ്രയോജനപ്രദമായി സമയം ചെലവഴിക്കാൻ നമുക്ക് സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ഭദ്രാസന പ്രവർത്തനങ്ങളിൽ എല്ലാവരുടെയും സാന്നിദ്ധ്യവും സഹകരണവും പ്രതീക്ഷിക്കുന്നു.

എഡിറ്റോറിയൽ

# തളരാതെ തളിർക്കാം...

> കാലഹരണപ്പെട്ടു പോകുന്ന പ്രസ്ഥാനങ്ങളായി യുവജനസംഘടനകൾ മാറാതെ പുത്തൻ പ്രവർത്തന സരണിയിലൂടെ ചുവടുകൾ വയ്ക്കുവാൻ നാം സന്നദ്ധരാകണം



റവ. പി. ജെ. തോമസ്
ചീഫ് എഡിറ്റർ



ചരിത്രനിർമ്മിതിയിലെന്നും ചൂണ്ടുപലക യായി യുവജനങ്ങൾ നിലകൊള്ളുന്നു. കുടുംബത്തിൽ നിന്നും ലഭിക്കുന്ന പരിശീലനം, സഭയിൽനിന്നും ഉൾക്കൊള്ളുന്ന പരിപോഷണം, സമൂഹം നൽകുന്ന പ്രോത്സാഹനം അവരെ യേശുക്രിസ്തുവിന്റെ പ്രതിഛായയായി ഈ ലോകത്തിൽ നിലകൊള്ളുവാൻ പ്രാപ്തരാക്കുന്നു. കാലത്തിന്റെ ചുവരെഴുത്തുകളെ വിശകലനം ചെയ്ത് കഥയെഴുതേണ്ട കലാകാരന്മാർ, കാവലാളുകൾ, കാര്യവിചാരകന്മാർ, കർമ്മയോഗികൾ, എന്നൊക്കെ അവരെ വിശേഷിപ്പിക്കാം. ഇവരുടെ കാഴ്ചപ്പാടുകൾ, കർമ്മശേഷി, കർത്തവ്യബോധം, കാൽവയ്പുകൾ എല്ലായ്പ്പോഴും എല്ലാ കാര്യത്തിലും സുപ്രധാന പങ്കു വഹിക്കുന്നു.

ആധുനികലോകത്തിന്റെ ചതിക്കുഴികളിൽ അറിഞ്ഞോ അറിയാതെയോ യുവജനങ്ങൾ വീണുപോകുന്നു. അനുകരണവാഞ്ഛ, ആഡംബരഭ്രമം യുവത്വത്തിന്റെ സവിശേഷതയായി മാറിയിരിക്കുന്നു. ഒന്നിനോടും പ്രതിബദ്ധതയില്ലായ്മയാണ് മറ്റൊരു വെല്ലുവിളി. അനേകം വെല്ലുവിളികൾ നിറഞ്ഞുനില്ക്കുമ്പോൾ തന്നെയും ഇവരുടെ സാധ്യതകളെ വേണ്ടുംവിധം വിനിയോഗിക്കുവാൻ യുവജനസഖ്യം പോലുള്ള സംഘടനകൾക്കു സാധിക്കണം. കാലഹരണപ്പെട്ടുപോകുന്ന പ്രസ്ഥാനങ്ങളായി യുവജനസംഘടനകൾ മാറാതെ പുത്തൻപ്രവർത്തന സരണിയിലൂടെ ചുവടുകൾ വയ്ക്കുവാൻ നാം സന്നദ്ധരാകണം.

ബാബേൽരാജാവായ നെബുക്കദ്നേസർ സൃഷ്ടിച്ച ബിംബത്തെ നമസ്ക്കരിക്കാത്ത മൂന്ന് യുവാക്കളുടെ ദൈവത്തിലുള്ള അചഞ്ചലവിശ്വാസം, ആഴമായ ഭക്തി, ആത്മാർത്ഥമായ സമർപ്പണം എക്കാലത്തെയും യുവജനങ്ങൾക്ക് അനുകരണീയ മാതൃകയാണ്.

They would not bend    മുട്ടുമടക്കാത്തവർ

They would not bow    തല കുനിക്കാത്തവർ

They would not burn    ചാരമാകാത്തവർ

ഇന്ന് വർദ്ധിച്ചുകൊണ്ടിരിക്കുന്ന കോവിഡ്–19ന്റെ പശ്ചാത്തലത്തിൽ ശാരീരികമായും മാനസികമായും ആത്മീകമായും നാം തളർന്നുപോകാതെ ദൈവവചനത്തിന്റെ പൊരുൾ തിരിച്ചറിഞ്ഞ് ആത്മീയമായി തഴച്ചു വളരുവാൻ സർവ്വശക്തൻ നമ്മെ സഹായിക്കട്ടെ.



# വിശുദ്ധകന്യകമറിയം
## മഹനീയ മാതൃക



റവ. റ്റി.കെ. അലക്സാണ്ടർ തരകൻ
തുമ്പമൺ മുട്ടം ശാലേം

ജീവിതം അർത്ഥപൂർണമാകുന്നത് ത്യാഗനിർഭരമായ പ്രവൃത്തികളിലൂടെയാണ് (മദർ തെരേസ). ജനനപ്പെരുന്നാളിന്റെ ആചരണം ഓരോ വിശ്വാസിയുടെയും ആത്മസമർപ്പണത്തിന്റെ കാലമാണ്. ദൈവത്തിന്റെ രക്ഷാപദ്ധതിയിൽ തന്റേതായ പങ്ക് വഹിക്കുവാൻ പൂർണ്ണ സമർപ്പണം ചെയ്ത കന്യകമറിയം എന്നും വിശ്വാസികൾക്ക് ശ്രേഷ്ഠ മാതൃകയാണ്. തന്റെ കുറവുകളെയും മുറിവുകളെയും നിറവുകളാക്കാൻ ദൈവസാന്നിദ്ധ്യത്തിന് കഴിയുമെന്ന് മറിയ വിശ്വസിച്ചു. സമൂഹത്തിലെ സാധാരണക്കാർ പാർത്തിരുന്ന ഗലീലയിൽ നിന്ന് സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവൾ എന്ന നിസ്തുലപദവിയിലേക്ക് ഉയർത്തപ്പെട്ടവൾ ഏറ്റെടുത്ത ത്യാഗം അതുല്യമാണ്. ദൈവത്തിന്റെ അരുളപ്പാട് പുരുഷന്മാർക്ക് മാത്രം എന്ന ചിന്ത പ്രബലമായിരുന്ന കാലത്ത് അവൾക്ക് നിയോഗം ലഭിക്കുന്നു. വിളിയോടുള്ള പ്രതികരണവും നിയോഗപാതയിൽ അനുസരണവും ആത്മസമർപ്പണത്തിന്റെ പ്രതിഫലനമാണ് 'ഇതാ ഞാൻ കർത്താവിന്റെ ദാസി, നിന്റെ വാക്ക് പോലെ എനിക്ക് ഭവിക്കട്ടെ' എന്നതിലൂടെ നിയോഗത്തോടുള്ള വിധേയത്വം പ്രദർശിപ്പിക്കുന്നു.

> "
> സ്വന്തം മുറിവുകളിൽ പരിതപിക്കാതെ, ദൈവമഹത്വത്തിന്റെ വേദിയാക്കുവാനും അനേകർക്ക് ആശ്വാസമായി തീരാനും കഴിയണം വി. കന്യകമറിയാമിന്റെ മഹനീയ മാതൃക എന്നും മാനവരാശിക്ക് പ്രചോദനം നൽകുന്നു

ഈ കോവിഡ് കാലത്ത്, ആകുലതകളും അനിശ്ചിതത്വങ്ങളും ആധുനിക സമൂഹത്തിന്റെ മുഖമുദ്രയാകുമ്പോൾ, മുറിവുകളിൽ പോലും ദൈവകൃപയുടെ നിറവോടെ പ്രതികരിക്കുവാൻ

സാധിക്കുന്നത് അനുകരണീയമാണ്. ഒരു സ്ത്രീയെ സംബന്ധിച്ച് ഏറ്റവും സ്വകാര്യമായും പരിപാവനമായും കരുതുന്ന ഗർഭപാത്രമെന്ന ജീവദായകമായ അവയവത്തെ, ലോകത്തിന് ജീവൻ പകരുന്ന യേശുവിനെ നൽകുവാൻ ഉപകരണമായി മറിയ സമർപ്പിക്കുന്നു. രക്ഷകനെ ലോകത്തിന് നൽകുക' എന്ന വിശിഷ്ട ദൗത്യത്തിനായി തന്നെ വിട്ടുകൊടുക്കുന്നതിലൂടെ തന്റെ ശരീരവും ജീവിതവും സ്വാർത്ഥയുടെ ശവകുടീരമായി മാറുന്നു. '(Womb of Mary becomes the tomb of selfishness)' എനിക്ക് എന്ത് കിട്ടും എന്നതിനേക്കാൾ ലോകരക്ഷാകര ദൈവപദ്ധതിയിൽ എനിക്ക് എന്ത് നൽകാൻ സാധിക്കുമെന്നതാണ് പ്രസക്തമായത്. വിളിയ്ക്കുള്ളിൽ വലിയ വെല്ലുവിളിയും സംഘർഷവുമുണ്ടെന്ന് തോന്നുമ്പോഴും 'കർത്താവ് നിന്നോടുകൂടെയുണ്ട്' എന്ന തിരിച്ചറിവിലൂടെ നിയോഗത്തെ മറിയ സന്തോഷത്തോടെ ഏറ്റെടുക്കുന്നു. ദാനത്തിലെ ത്യാഗം ശ്രേഷ്ഠമാകുന്നത് ഏത് ഔന്നത്യമുള്ള കാരണത്തിനുവേണ്ടിയാണ് എന്ന തിരിച്ചറിവിലൂടെയാണ്.

ഭൂമിയിലെ എല്ലാ പരുക്കുകളും ആത്യന്തികമായി തകർത്തുകൊണ്ടിരിക്കുന്നത് സ്ത്രീയെയാണ്. എന്നാൽ മുറിവുകളിൽ പതറാതെ തകർച്ചയിലും കരുത്ത് പകരാൻ കർത്താവ് കൂടെയുണ്ട് എന്ന് തിരിച്ചറിയാനുള്ള തെളിച്ചം കന്യകാമറിയാമിന് ലഭിക്കുന്നു. 'ജീവിതത്തിന്റെ തികവ്' എന്ന പുസ്തകത്തിൽ പറഞ്ഞിരിക്കുന്നത് മറിയത്തിന്റെ ജീവിതം അന്ധകാരത്തിലേക്കുള്ള എടുത്ത് ചാട്ടമെന്നാണ്. എന്നിഷ്ടമല്ല, ദൈവഷ്ടമായിരിക്കട്ടെ നമ്മുടെ മാതൃക. ദൈവം വരയ്ക്കുന്ന ലക്ഷ്മണരേഖയ്ക്കുള്ളിൽ തന്നെത്തന്നെ മറിയം വിനയത്തോടെ വിധേയപ്പെടുത്തുന്നു.


'ആ നാളുകളിൽ മറിയ എഴുന്നേറ്റ്, മലനാട്ടിൽ ഒരു യഹൂദ്യ പട്ടണത്തിൽ ബദ്ധപ്പെട്ട് ചെന്നു. സെഖര്യാവിന്റെ വീട്ടിൽ എത്തി എലിശ ബെത്തിനെ വന്ദിച്ചു (ലൂക്കേ. 1:39). തീർത്ഥാടനങ്ങൾ ആധുനിക നേട്ടങ്ങൾക്ക് മാത്രമെന്ന് തെറ്റിദ്ധരിച്ചിരിക്കുന്ന ഒരു കാലഘട്ടത്തിൽ മറിയയുടെ തീർത്ഥാടനം ധ്യാനവിഷയമാക്കേണ്ടതാണ്. അത് ശുശ്രൂഷിപ്പാനുള്ള യാത്രയാണ്. ദൈവം നൽകുന്ന അടയാളങ്ങളിൽ സംഘർഷങ്ങളെ അഭിമുഖീരിക്കുവാനും അതിജീവിപ്പാനുമുള്ള സങ്കേതങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. യൗവനയുക്തയായ മറിയയുടെയും വൃദ്ധയായ എലിശബത്തിന്റെയും സംഗമം അവരുടെ സംഘർഷങ്ങളെ ലഘൂകരിക്കയും സന്തോഷത്തെ വർദ്ധിപ്പിക്കുകയും ചെയ്യുന്നു. സമർപ്പിതരുടെ സംഗമങ്ങൾ ദൈവിക ദൗത്യം നിറവേറ്റുവാൻ ശക്തീകരിക്കുന്നു. പരിശുദ്ധാത്മ നിറവിൽ പരസ്പരം അംഗീകാരത്തിന്റെയും ആശ്വസിപ്പിക്കുന്നതിന്റെയും വേദിയാകുന്നു. വൃദ്ധയായ എലിശബത്തിന് ശുശ്രൂഷ ചെയ്യാൻ തിടുക്കത്തിൽ മറിയ യാത്ര ചെയ്യുന്നു. തീർത്ഥാടനം എന്നത് ദൈവത്തിലേക്കും ആവശ്യങ്ങളിലിരിക്കുന്ന സഹോദരരിലേക്കുമുള്ള പരസ്നേഹ പ്രവർത്തനത്തിന്റെ യാത്രയാണ്. മൂന്ന് മാസം മറിയ എലിശബത്തിനൊപ്പം പാർത്തു എന്ന് വച്ചാൽ ആറുമാസം ഗർഭിണിയായിരുന്ന എലിശബത്തിനൊപ്പം അവരുടെ പ്രസവകാലം വരെ കൂടെനിന്നു. എന്നാൽ നിയോഗപാതയിൽ, സംഘകർഷത്തിന്റെ പരമ്പരകൾ ഏറ്റെടുക്കേണ്ടിവരുമ്പോഴും സാന്നിധ്യം കൊണ്ട് മറ്റുള്ളവരെ ദൈവീക നിറവിലേക്ക് നയിക്കുന്നതാകണം സമർപ്പണം എന്ന് മറിയ സൂചിപ്പിക്കുന്നു. ഈ കോവിഡ് കാലങ്ങളിൽ ആശങ്കകളിലായിരിക്കുന്ന അനേകർക്ക് സാന്ത്വന സാന്നിധ്യമാകാൻ നമ്മുടെ ശുശ്രൂഷകളിലൂടെ സാധിക്കണം.

"മൂന്നാം നാൾ ഗലീലയിലെ കാനാവിൽ ഒരു കല്യാണം ഉണ്ടായിരുന്നു. യേശുവിന്റെ അമ്മ അവിടെയുണ്ടായിരുന്നു.'' (യോഹ. 2:1). യേശുക്രിസ്തുവിന്റെ ആദ്യ അടയാളം മറിയയുടെ സാന്നിദ്ധ്യം കൊണ്ടും ഔചിത്യപൂർണമായ ഇടപെടൽ കൊണ്ടും ശ്രദ്ധേയമാണ്. വിരുന്ന് ശാലയിൽ പോലും വിഭവങ്ങൾ തീർന്നുപോകാനിടയുണ്ട്. എന്നാൽ കാനാവിലെ ഭവനത്തിന്റെ കുറവുകളെ കർത്താവിന്റെ നിറവനുഭവിക്കാനുള്ള വേദിയാക്കിത്തീർക്കുന്നതിൽ മറിയ തന്റേതായ പങ്ക് വഹിക്കുന്നു. 'മകനേ, അവർക്ക് വീഞ്ഞില്ല' എന്ന മറിയയുടെ വാക്കുകൾ അപരന്റെ അപമാനം ഹൃദയത്തിലേറ്റു വാങ്ങാവാനുള്ള സമർപ്പണത്തിന്റെ പ്രതിഫലനമാണ്. അപരന്റെ കുറവുകൾ വിവാദങ്ങളുടെ ആഘോഷമാക്കുവാൻ ആവേശം കാണിക്കുന്ന ആളുകളുടെ എണ്ണം വർദ്ധിക്കുന്ന ലോകത്തിൽ മറിയ ഒരു ബദൽ സംസ്ക്കാരത്തിന്റെ പ്രതിനിധിയാണ്. കോവിഡ് രോഗികളെയും ഭവനാംഗങ്ങളെയും പരുഷമായ വാക്കുകളിലൂടെയും പ്രതികാരമനോഭാവത്തോടെയും കാണുന്ന വികലമായ പ്രവണതകൾ തിരുത്തപ്പടേണ്ടതാണ്. കാനാവിലെ വീട്ടുകാർ അപമാനത്തിന്റെ കാൽവറി കയറുമ്പോഴും മറിയയുടെ സാന്നിദ്ധ്യവും വാക്കുകളും അവസരോചിതമായ ഇടപെടലും അവർക്ക് പുതിയ പ്രതീക്ഷ നൽകുന്നു. കാൽവറിയിൽ

ലോകത്തിന്റെ പാപവും ശാപവും ഏറ്റവാങ്ങുന്ന പുത്രൻ പ്രതിഫലിപ്പിക്കുന്നതും ഇതേ മനോഭാവവമാണ്. മനുഷ്യനെവിടെയൊക്കെ ദുഃഖത്തിന്റെ സംഘർഷങ്ങളുടെയും അവസ്ഥയിലാകുന്നുവോ, അവിടെയെത്തി സാന്നിദ്ധ്യം കൊണ്ടും ശക്തമായ ഇടപെടൽ കൊണ്ടും അവരുടെ കണ്ണീരൊപ്പുവാൻ സാധിക്കുന്നതാണ് ദൈവപൈതലിന്റെ നിയോഗം. മറിയത്തോടുള്ള ആദരവ്, അനുഷ്ഠാനത്തെക്കാളുപരി അനുദിനസാഹചര്യത്തിൽ അപരനോടുള്ള അനുഭാവ പൂർണമായ സമീപനമായിത്തീരണം.

‘നിന്റെ സ്വന്തം പ്രാണനിൽകൂടിയും ഒരു വാൾ കടക്കും’ എന്നു പറഞ്ഞ (ലൂക്കോ. 2:35) ശിമ്യോന്റെ വാക്കുകൾ, മറിയയുടെ ജീവിതത്തിൽ നിയോഗത്തിനായ് സമർപ്പിച്ച നാൾ മുതലുള്ള അനുഭവങ്ങളുടെ പ്രവചനചിത്രമാണ്. ആക്ഷരികമായി മറിയ മുറിവുകളിലൂടെ കടന്നുപോകുന്നു. അവിവാഹിതയായിരുന്നപ്പോൾ അമ്മയാകേണ്ടി വന്നതിന്റെ സംഘർഷം മുതൽ ജീവിതത്തിൽ നേരിട്ട എല്ലാ വേദനാനുഭവങ്ങളും അതീജിവിക്കുവാനവൾക്ക് കൃപ ലഭിക്കുന്നു. യേശുവിന്റെ 12-ാംവയസിൽ യരുശലേം ദൈവാലയത്തിൽ നിന്നുള്ള മടങ്ങിവരവിൽ, അല്പസമയത്തേക്കെങ്കിലും മകനെ നഷ്ടപ്പെടുന്നതിന്റെ വേദനയുടെ അനുഭവവും കാൽവറിയിൽ സ്വന്തം പുത്രന്റെ ചങ്ക് പിളരുന്നതിനും പഞ്ചമുറിവുകളിൽ തകരുന്നതിനും സാക്ഷിയാകണ്ടി വന്നപ്പോഴും ദൈവസാന്നിദ്ധ്യത്തിന്റെ നിറവിൽ അവയൊക്കെ അഭിമുഖീകരിക്കാൻ സാധിക്കുന്നത് അനുകരണീയമാണ്. കേവിഡ് 19 എന്ന മഹാരോഗത്തിന്റെ ഭയാശങ്കകളെ ദൈവകൃപയുടെ കരുണയോടെ അഭിമുഖീകരിക്കാൻ ആത്മീയ പ്രതിരോധശക്തി നേടേണ്ട കാലമാണിത്.

‘ഈ കാര്യങ്ങളെല്ലാം അവന്റെ അമ്മ ഹൃദയത്തിൽ സംഗ്രഹിച്ചു’ (ലൂക്കോസ് 2:51). വ്യത്യസ്ത സാഹചര്യങ്ങളിൽ സംയമനത്തോടെ ഇടപെടുവാനും ജീവിതാനുഭവങ്ങളെ ധ്യാനപൂർവ്വം നേരിടുവാനും സാധിച്ച മറിയം ഏവർക്കും ശ്രേഷ്ഠ മാതൃകയാണ്. അപ്രതീക്ഷിതവും ദുർഗ്രഹവമായ അനുഭവങ്ങളിൽ പൊട്ടിത്തെറിക്കുന്നവരും പിറുപിറുക്കുന്നവരും നിരാശപ്പെടുന്നവരും ഉണ്ട്. എന്നാൽ സംഘർഷപൂരിത സാഹചര്യങ്ങളിൽ പോലും ശാന്തതയോടെ അഭിമുഖീകരിക്കുന്ന മറിയയുടെ മനോഭാവം മഹനീയ മാതൃകയാണ്. സങ്കടങ്ങളെയും സംഘർഷങ്ങളെയും ചങ്കുറപ്പോടെ നേരിടുന്നതിന് ധ്യാനം ആവശ്യമാണ്. ‘വരികൾക്കിടയിലെ നിശബ്ദതയാണ് സംഗീതത്തിന്റെ സൗന്ദര്യം’ എന്ന് പറയാറുണ്ട്. ധ്യാനമില്ലാത്തവരുടെ തള്ളിക്കയറ്റം എല്ലാ രംഗങ്ങളിലും അസ്വസ്ഥതകൾ സൃഷ്ടിക്കുമ്പോൾ ജീവിതം ധന്യമാക്കുന്ന ധ്യാനസംസ്ക്കാരം രൂപപ്പെടുത്തുവാൻ മറിയം നമുക്ക് ദിശാബോധം നൽകുന്നു. മുറിവുകളെ പരിശുദ്ധാത്മനിറവോടെ അഭിമുഖീകരിക്കയും മറ്റുള്ളവരെ നിറവിലേക്ക് നയിക്കയും ചെയ്യാൻ ഒരു വിശ്വാസിക്ക് കഴിയണം. സ്വന്തം മുറിവുകളിൽ പരിതപിക്കാതെ ദൈവമഹത്വത്തിന്റെ വേദിയാക്കുവാനും അനേകർക്ക് ആശ്വാസമായി തീരുവാനും കഴിയണം. വി. കന്യകാമറിയാമിന്റെ മഹനീയ മാതൃക എന്നും മാനവരാശിക്ക് പ്രചോദനം നൽകുന്നു.



# യുവത്വം ക്രിസ്തുവിലൂടെ



ഷിൻസി തോമസ്
ഇമ്മാനുവേൽ മാർത്തോമ്മ ചർച്ച്,
തേവലക്കര

"യുവത്വം ഭാവിയുടെ പ്രതീക്ഷയും വഴികാട്ടിയുമാകുന്നു യുവത്വത്തെ സ്വാധീനിച്ചാൽ ഭൂമിയെ നിങ്ങൾക്ക് സ്വർഗ്ഗം ആക്കാം". കാതറിൻ സി നിക്സന്റെ മാതൃകാപരമായ ഒരു വാചകമാണ് 'എന്നാൽ ഇന്ന് എത്ര യുവജനങ്ങൾക്ക് ഭാവിയുടെ പ്രതീക്ഷകൾ ആകാൻ സാധിക്കുന്നു. വി. യോഹ. 1:35-42 വരെയുള്ള ഭാഗങ്ങൾ നാം പഠിക്കുമ്പോൾ യോഹന്നാൻ യേശുവിനെ നോക്കിയിട്ട് "ഇതാ ദൈവത്തിന്റെ കുഞ്ഞാട്" എന്ന് പറയുന്നത് കാണാൻ കഴിയുന്നു. യോഹന്നാൻ യേശുവിനെക്കുറിച്ച് ഇപ്രകാരം പറഞ്ഞ്കൊണ്ട് തന്റെ ശിഷ്യന്മാർക്ക് നല്ല പാത കാണിച്ചു കൊടുക്കുന്നത് നമുക്ക് കാണാം.

ഇന്ന് യുവജനങ്ങളാകുന്ന നാം എങ്ങനെയാണ് മറ്റുള്ളവർക്ക് വഴികാട്ടിയായി തീരുന്നത്. നേരായ പാതയിലൂടെയാണോ. അതോ ദുർഘടമായ വഴികളിലൂടെയാണോ



ഇന്ന് പല യുവജനങ്ങൾക്ക് തന്റെ മാതാപിതാക്കളുടെ പാതയിലൂടെ നടക്കാൻ പ്രയാസമാണ്.

**വഴികാട്ടുക (Guide)**

ഈ ലോകത്തിൽ നല്ല പാത കാണിച്ചുകൊടുക്കുവാൻ തന്റെ മാതാപിതാക്കൾക്ക് അല്ലാതെ മറ്റാർക്കും ഒന്നിനും കഴിയുകയില്ല.എന്നാൽ ഇന്നത്തെ യുവജനങ്ങൾ തങ്ങളുടെ മാതാപിതാക്കളെ അനുസരിക്കുവാനോ അവരുടെ വാക്കുകൾ, ചെവിക്കൊള്ളുവാനോ താല്പര്യം കാണിക്കുന്നില്ല. ഇന്നത്തെ

യുവജനങ്ങൾ മാതാപിതാക്കളെ എങ്ങനെയാണ് സ്നേഹിക്കുന്നത്. നിരവധി മാധ്യമങ്ങളിലൂടെ ഞെട്ടിപ്പിക്കുന്ന സംഭവങ്ങൾ കൺമുൻപിൽ വരച്ചുകാട്ടുന്നു സ്വന്തം മാതാപിതാക്കളെ തെരുവിലേക്ക് വലിച്ചിഴക്കാൻ മടിയില്ലാത്ത യുവതലമുറകൾ. 'അപ്പനെ ശപിക്കയും അമ്മയെ അനുഗ്രഹിക്കാതെയും ഇരിക്കുന്ന തലമുറ'

**അനുഗമിക്കുക (following)**

യോഹന്നാൻ താൻ അറിഞ്ഞ ക്രിസ്തുവിനെ അനുഗമിക്കുന്നതായി കാണുന്നു. സ്നാപക യോഹന്നാന്റെ വാക്കുകൾ ആ ശിഷ്യന്മാരിൽ എത്ര മാത്രം സ്വാധീനം ചെലുത്തി എന്ന് ചിന്തിക്കണം. ഇന്നത്തെ യുവജനങ്ങൾ എന്തിനെയാണ് അനുഗമിക്കുന്നത്. മദ്യത്തിനും മയക്കുമരുന്നിനും ലഹരി പദാർത്ഥങ്ങൾക്കും പിന്നിലെ ഓടുന്ന യുവജനങ്ങൾ. ഇന്നത്തെ യുവജനങ്ങളുടെ പോക്ക് എങ്ങോട്ട്? പഴയതും പുതിയതുമായ ആളുകൾ ഒന്നിച്ച് ചേർന്ന് മുന്നോട്ട് പോകണം. മുതിർന്നവർ പകർന്നു നൽകുന്ന കരുത്തും ഊർജ്ജവും നഷ്ടപ്പെടാതെ കാത്തുസൂക്ഷിക്കണം. മുതിർന്നവർക്ക് നഷ്ടപ്പെട്ട പലതും യുവജനങ്ങളിലൂടെ നേടിയെടുക്കണം. കരുത്തും ബുദ്ധിയുമുള്ള യുവാക്കളെയാണ് നമുക്ക് ആവശ്യം. 'കാന്തവലയത്തിൽ മൊട്ടുസൂചികൾ ജീവൻ വെക്കുന്നില്ല'. അതുപോലെയാണ് ഇപ്പോൾ നമ്മുടെ യുവജനങ്ങൾ. ലൗകിക മോഹങ്ങൾ അടിമപ്പെട്ട് കാന്തവലയത്തിൽ അകപ്പെട്ട സൂചിയെപോലെ ജീവൻ നഷ്ടപ്പെട്ടവസ്ഥയിൽ. ദൈവസന്നിധിയിൽ നമുക്ക് സജീവരായി തീരുവാൻ കഴിയണം. ഒരു സമ്പൂർണ്ണ സമർപ്പണത്തോടെ ക്രിസ്തുയേശുവിനെ അനുഗമിക്കണം.

**ഭരമേൽപ്പിക്കുക (Leaving)**

ഇവിടെ നമുക്ക് കാണാൻ സാധിക്കുന്നത് അന്ത്രെയാസ് തന്റെ സഹോദരനെ യേശുവിന്റെ അരികിലേക്ക് കൊണ്ടുവരുന്നത്. എന്നാൽ തന്റെ സഹോദരനായ പത്രൊസിനെ യേശു ദൂരത്ത് നിന്ന് നോക്കുമ്പോൾ തന്നെ അവന്റെ ഭാവിയെ കർത്താവ് കണ്ടിരുന്നു. യേശു അവനെ നോക്കിയ ശേഷം അവനെ ഉറപ്പുള്ള 'പാറ' എന്നർത്ഥം വരുന്ന 'കേഫാ' എന്നു പേരിട്ടു.

അന്ത്രയോസ് പത്രോസിനെ യേശുവിന്റെ അരികിൽ കൊണ്ടു ചെന്നപ്പോൾ യേശു അവനെ നോക്കി അവന്റെ കഴിവുകളെ തിരിച്ചറിഞ്ഞു (മത്താ. 16:17). കർത്താവ് 'ബർയോനാ ശിമോൻ' എന്ന് വിളിക്കുന്നതായി നമുക്ക് കാണാൻ കഴിയും 'യോന' എന്ന വാക്കിന്റെ അർത്ഥം 'പ്രാവ്' എന്നാണ് ചിറകടിക്കുന്ന പക്ഷിയാണ് പ്രാവ് ചഞ്ചലഹൃദ്യനായ നിന്നെ പാറപോലെ ഉറപ്പുള്ളവനാകും എന്ന ആശയമാണ്. പത്രൊസ് യേശുവിന്റെ കൈയിൽ തന്നെ ഭരമേല്പിക്കുന്നതായി കാണാൻ കഴിയും. അതിന്റെ ഫലമായി അവന്റെ പേരിനുതന്നെ മാറ്റം സംഭവിക്കുകയാണ്. നാം നമ്മെ തന്നെ ദൈവകരങ്ങളിൽ ഭരമേല്പിച്ചു കൊടുക്കണം. വ്യവസ്ഥകൂടാതെ ദൈവഹിതത്തിന് വിധേയപ്പെട്ട് വചനത്തിൽ വേരൂന്നി വിശ്വാസത്തിൽ പ്രബലപ്പെടുവാൻ യുവജനങ്ങൾക്ക് സാധിക്കണം.



Children are a gift
from the LORD;
they are a reward
from him.

**(Psalm 127:3, New Living Translation)**



# കൊറോണ: യുവതയുടെ ആശങ്കയും പ്രതീക്ഷയും



റവ. അജിത് കെ. തോമസ്
വാത്തികുളം മാർത്തോമ്മാ ഇടവക

2020-ന്റെ ആദ്യനാളുകൾ മുതൽ ലോകജനത നാടകീയമായ ഒരു വൻമാറ്റത്തിന്റെ സാക്ഷികളായിക്കൊണ്ടിരിക്കുകയാണ്. കൊറോണ എന്ന കുഞ്ഞൻ വൈറസാണ് അതിലെ കേന്ദ്ര കഥാപാത്രം. എല്ലാ വിഭാഗം ജനങ്ങളിലും അതിന്റെ ആകുലത ഉളവായെങ്കിലും എറ്റവും കൂടുതൽ ആഘാതമേൽക്കുന്നതും പരിണിതഫലം അനുഭവിക്കുവാൻ പോകുന്നതും യുവജനങ്ങളാണ്. ഇതുവരെയും ഒരു ആരോഗ്യപ്രശ്നമായാണ് ഈ മഹാവ്യാധിയെ കണ്ടിരുന്നതെങ്കിൽ, ഇനിയും സാമൂഹിക, സാമ്പത്തിക, മാനസിക, ആത്മീയ തലങ്ങളിലെ ആഘാതവും പരിഗണിക്കേണ്ടതായുണ്ട്. ശരീരത്തിന്റെ പ്രതിരോധസംവിധാനത്തെ ശക്തിപ്പെടുത്താനുള്ള ഗവേഷണങ്ങൾക്കാണ് ഇപ്പോൾ മുൻതൂക്കം. സാമൂഹിക അകലത്തിലൂടെയും, ക്വാറന്റൈനിലൂടെയും, ലോക്ഡൗണിലൂടെയും നമുക്ക് നഷ്ടപ്പെടുന്നത്, പരസ്പര ബന്ധങ്ങളിലൂടെയും, സാമൂഹിക ഇടപെടലുകളിലൂടെയും ബലവത്താകേണ്ട മാനസിക-ആത്മീക പ്രതിരോധശക്തിയാണ്. ആധുനിക സാങ്കേതിക വിദ്യകളും, സാമൂഹിക മാധ്യമങ്ങളും, ദൃശ്യ-ശ്രാവ്യ സങ്കേതങ്ങളും കൂടുതലായി ഉപയോഗിക്കുമ്പോൾ തന്നെ, യുവജനങ്ങളുടെ ഇടയിൽ അരക്ഷിതാവസ്ഥയും നിരാശയും വർദ്ധിക്കുന്നു എന്നതും യാഥാർത്ഥ്യമാണ്. ആശങ്കകളുടെയും, വ്യാകുലതകളുടെയും ഇടയിലെ ചിലചിന്തകൾ കുറിക്കട്ടെ.

**നേട്ടവും കോട്ടവും**

കോവിഡ് രോഗവ്യാപനത്താൽ സാമൂഹികം, സാമ്പത്തികം, ആത്മീകം തുടങ്ങി സമസ്ത മേഖലകളിലും വന്ന കോട്ടങ്ങളേക്കുറിച്ച് ചർച്ചകൾ ഏറെ നടക്കുന്ന സമയമാണ് ഇത്. മനുഷ്യന്റെ പുരോഗതിയേയും, നേട്ടങ്ങളെയും, മുന്നേറ്റത്തേയും ബഹുദൂരം പിന്നോട്ടടിച്ചതിനേക്കുറിച്ചും, ഇനിയും എന്നാണ് സാമ്പത്തിക തളർച്ച മാറുന്നത് എന്നതിനെപ്പറ്റിയും വിദഗ്ദർ അഭിപ്രായം പറയുന്ന സമയംകൂടിയാണ് ഇത്. കർത്താവ് പറഞ്ഞ താലന്തുകളുടെ ഉപമ ഇവിടെ പ്രസക്തമാണെന്ന് കരുതുന്നു. അഞ്ച്, രണ്ട്, ഒന്ന് താലന്തുകൾ അവനവന്റെ പ്രാപ്തിക്കനുസരിച്ച് യജമാനൻ നൽകി. യജമാനൻ തിരികെ വന്നപ്പോൾ, അഞ്ച് താലന്ത് ലഭിച്ചവൻ എന്ത് നേടി? രണ്ട് താലന്ത് ലഭിച്ചവൻ എന്ത് നേടി? ഒരു താലന്ത് ലഭിച്ചവൻ എന്ത് നേടി? ഇതല്ലേ സാധാരണഗതിയിൽ നാം ചോദിക്കുന്ന ചോദ്യം?

അഞ്ചു ലഭിച്ചവൻ അഞ്ചുകൂടി നേടി മിടുക്കനായി, രണ്ട് ലഭിച്ചവനും ഇരട്ടിനേടി മിടുക്കനായി, ഒന്നു ലഭിച്ചവൻ ഒന്നും നേടാതെ താലന്തു കുഴിച്ചിട്ടു. ഒന്നുകൂടി ആ ഭാഗം വായിക്കുക. "നന്ന് നേടിയവനും മിടുക്കനുമായ ദാസനേ, നിനക്കു കിട്ടിയ അല്പം കൊണ്ട് നീ അധികം നേടി" എന്നാണോ യജമാനൻ പറഞ്ഞത്? തീർച്ചയായും അല്ല. "നല്ലവനും വിശ്വസ്തനുമായ ദാസനെ" എന്നാണ്. നല്ലതും, വിശ്വസ്തതയും, നേട്ടവും, മിടുക്കും എല്ലാം ഒരുമിച്ചുപോകുമോ? നല്ലവൻ എന്നത് ഒരു വിളിപ്പേരല്ല, സ്വഭാവമാണ്. താലന്ത് നൽകിയപ്പോൾ യജമാനൻ എന്താണോ ഉദ്ദേശിച്ചതും പ്രതീക്ഷിച്ചതും, അത് പ്രാവർത്തികമാക്കിയപ്പോഴാണ് ദാസൻ വിശ്വസ്തനായത് അല്ലാതെ, അഞ്ചുകൊണ്ട് അഞ്ചുകൂടെ നേടിയതുകൊണ്ടല്ല. ഒരു താലന്ത് ലഭിച്ചവൻ ദുഷ്ടനും മടിയനും ആയത് അവൻ ഒന്നും നേടാത്തതുകൊണ്ടല്ല, അവിശ്വസ്തത കാട്ടിയതിനാലും യജമാനന്റെ പ്രതീക്ഷയ്ക്കും അവനിലുള്ള വിശ്വാസത്തിനും അവൻ വില കല്പിക്കാതിരുന്നതിനാലുമാണ്. യജമാനന്റെ കോട്ടങ്ങളാണ് അവന്റെ ചർച്ചാവിഷയം. കോവിഡ് കാല കോട്ടങ്ങളേക്കുറിച്ചു സംസാരിക്കുമ്പോൾ, നല്ലവനും വിശ്വസ്തനുമാകത്ത നമ്മുടെ മിടുക്കും നേട്ടവും യഥാർത്ഥത്തിൽ ശരികളായിരുന്നുവോ എന്ന ചോദ്യമുയരുന്നു. ആരോഗ്യരംഗത്തിന്റെ മേന്മയും, സാമ്പത്തിക വളർച്ചയുടെ ഭദ്രതയും, ടെക്നോളജിയുടെ മേൽക്കൈയും നേട്ടമായിരുന്നോ കോട്ടമായിരുന്നോ എന്ന കൺഫ്യൂഷൻ ലോകരാഷ്ട്രത്തലവന്മാരുടെ പരസ്പരമുള്ള ആരോപണങ്ങളിൽ നിഴലിക്കുന്നുണ്ട്. നമ്മുടെ വിദ്യാഭ്യാസ യോഗ്യതയും, കയ്യിലുള്ള ഗാഡ്ജറ്റ്സിന്റെ എണ്ണവും, പരിഷ്കൃതിയും, വാങ്ങൽ ശേഷിയും എല്ലാം നേട്ടങ്ങളെന്നെണ്ണിക്കൊണ്ടിരിക്കുമ്പോഴാണ്, 'ആധുനിക നേട്ടങ്ങളുടെ' കുത്തൊഴുക്കിനു തടസ്സമുണ്ടായത്. അപ്പോൾ നാം കോട്ടങ്ങളേക്കുറിച്ച് വ്യാകുലപ്പെടാൻ തുടങ്ങി. തന്റെ കയ്യിലിരിക്കുന്ന പണം പോലും, മരണഭയത്തിൽ നിന്ന് തന്നെ രക്ഷിക്കുന്നില്ല എന്ന് പേടിയാണ് കോട്ടങ്ങളേക്കുറിച്ച്, സംവിധാനങ്ങളുടെ അപര്യാപ്തതയെക്കുറിച്ച് ബോധമുളവാക്കിയത്. അങ്ങനെ വാഹനനിർമ്മാണ കേന്ദ്രങ്ങൾ വെന്റിലേറ്റർ നിർമ്മാണ കേന്ദ്രങ്ങളായി, സൗന്ദര്യ വർദ്ധക നിർമ്മാണശാലകൾ സാനിറ്റൈസർ നിർമ്മാണശാലകളായി. ഈ തിരിച്ചറിവ് നിലനിന്നാൽ ആയത് ഒരു നേട്ടം തന്നെയാണ്.

**വിശ്വാസവും വിരക്തിയും**

വിശ്വാസം എന്നതിന് ഒരു നിർവ്വചനം കൂടി നൽകുവാനല്ല ഞാൻ ശ്രമിക്കുന്നത്. ഇന്ന് ദൈവത്തിലുള്ള 'എന്റെ' വിശ്വാസത്തിനും 'നമ്മുടെ' വിശ്വാസത്തിനും നാം മുൻതൂക്കം കല്പിക്കുമ്പോൾ, 'നിന്റെ' വിശ്വാസവും 'നിങ്ങളുടെ' വിശ്വാസവും എന്ന വേർതിരിവിലേക്ക് നയിക്കപ്പെടുന്നു. ആയതിൽ 'എന്റെ' വിശ്വാസവും 'നമ്മുടെ' വിശ്വാസവും ശരിയും മെച്ചവുമായി തോന്നുകയും, 'നിന്റെ' വിശ്വാസവും 'നിങ്ങളുടെ' വിശ്വാസവും മോശവും ശരിയല്ലാത്തതുമായി നാം ഉറപ്പിക്കുകയും ചെയ്യുന്നു. ഈ പ്രവർത്തനങ്ങളുടെ ആകെത്തുക വിശ്വാസം സമം സ്വാർത്ഥത (വിശ്വാസം = സ്വാർത്ഥത) എന്നതാണ്. അങ്ങനെ ദൈവവിശ്വാസം ആത്യന്തികമായി നിരാശയ്ക്കും മോഹഭംഗത്തിനും കാരണമാകുന്നു. ദൈവമുണ്ടോ, ദൈവമുണ്ടായിരുന്നെങ്കിൽ ലോകത്ത് ഇങ്ങനെയൊക്കെ സംഭവിക്കുമോ, സഭയെന്തിനാണ്, ആരാധനയുടെ ആവശ്യമേയില്ല എന്ന സ്വഭാവിക പ്രതികരണത്തിലേക്കും വിശ്വാസവിരക്തിയിലേക്കും എത്തുന്നു. നമുക്ക് ദൈവത്തിലുള്ള വിശ്വാസത്തേക്കാൾ നാം വില കല്പിക്കേണ്ടത്, ദൈവത്തിന് എന്നിലുള്ള വിശ്വാസത്തിനാണ്. എന്റെ വിശ്വാസം, എന്റെ സഭ എന്ന പൊങ്ങച്ച പ്രകടനത്തിലുപരി, ദൈവത്തിന് എന്നെ വിശ്വാസമുണ്ടോ എന്ന് സ്വയം ചോദിക്കാം.

പ്രശസ്ത പ്രഭാഷകനും വേദാദ്ധ്യാപകനുമായ ചാൾസ് പ്രൈസ് എഴുതിയ പുസ്തകത്തിന്റെ തലക്കെട്ടിന്റെ ആദ്യഭാഗം ഇങ്ങിനെയാണ് "യേശുവിനുവേണ്ടി ജീവിക്കുന്നതു നിർത്തൂ..." രണ്ടാം ഭാഗം ഇങ്ങിനെ തുടരുന്നു "യേശു നിന്നിലൂടെ ജീവിക്കട്ടെ". ഇന്നത്തെ ക്രിസ്തീയ വിശ്വാസിയുടെ ജീവിതം വിശകലനം ചെയ്യുമ്പോൾ അടിസ്ഥാനപരമായി മൂന്നുകാര്യങ്ങളുണ്ട് എന്ന് അതിലദ്ദേഹം പറയുന്നു: ഒരു ടിക്കറ്റ്, ഒരു സർട്ടിഫിക്കറ്റ്, ഒരുകാറ്റലോഗ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഈ ടിക്കറ്റ് ഒരു വൺവേ ടിക്കറ്റാണ്, സ്വർഗ്ഗത്തിലേക്ക് എന്നാണ് അതിൽ എഴുതുയിരിക്കുന്നത്. എന്റെ ക്രിസ്തീയ ജീവിതത്തിന്റെ ആത്യന്തികലക്ഷ്യം ഈ ടിക്കറ്റ് കൈക്കലാക്കുക എന്നതാണ്. യേശുക്രിസ്തു ലോകത്തിലേക്ക് വന്ന് ക്രൂശിൽ മരിച്ചത് എനിക്ക് ഈ ടിക്കറ്റ് തരാനായിരുന്നതുകൊണ്ട്; എന്റെ പാപത്തെ ഏറ്റു പറയണോ- പറയാം, സ്നാനമേൽക്കണോ- ഏൽക്കാം, പള്ളിയിൽ വരണോ- വരാം, പ്രാർത്ഥിക്കണോ- പ്രാർത്ഥിക്കാം, സംഭാവന നൽകണോ- നൽകാം. എന്തു ചെയ്തിട്ടായാലും ഈ ടിക്കറ്റ്

എനിക്കു വേണം, ഈ ടിക്കറ്റ് വാഗ്ദാനം ഇല്ലായിരുന്നുവെങ്കിൽ എത്രപേർ ക്രിസ്തീയ വിശ്വാസികളാകും? അടുത്തത് സർട്ടിഫിക്കറ്റാണ്. സർട്ടിഫിക്കറ്റിൽ ഇപ്രകാരമാണ് രേഖപ്പെടുത്തിയിരിക്കുന്നത്: റവ. അജിത് കെ തോമസിന്റെ സകലപാപവും മോചിച്ചിരിക്കുന്നു എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു (ഒപ്പ്) ദൈവം. ഈ സമയത്ത് പല രാജ്യങ്ങളിലേക്കും പ്രവേശിക്കണമെങ്കിൽ കോവിഡ് പോസിറ്റീവ് അല്ല എന്ന സർട്ടിഫിക്കറ്റു വേണം. അതുപോലെ, ഈ സർട്ടിഫിക്കറ്റ് ഉണ്ടെങ്കിലേ സ്വർഗ്ഗരാജ്യത്തിലേക്കുള്ള മുകളിൽ പറഞ്ഞ ടിക്കറ്റ് എനിക്കു കിട്ടുകയുള്ളൂ. "അവന്റെ പുത്രനായ യേശുവിന്റെ രക്തം സകലപാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു." എന്ന് വേദപുസ്തകം പറയുന്നു. അതുകൊണ്ട്, തീർച്ചയായും എന്റെ കൈയ്യിലുള്ള സർട്ടിഫിക്കറ്റിൽ ഒപ്പിട്ടിരിക്കുന്നത് ദൈവം തന്നെയാണ്. ഞാനതിനാൽ ഒരു കാര്യം തീർച്ചയാക്കി; ഇടയ്ക്കൊക്കെ സ്തോത്രം പറഞ്ഞ് ദൈവം ചെയ്ത സകല നന്മകൾക്കും നന്ദിയർപ്പിച്ച് അവനായി ജീവിക്കണം. മൂന്നാമത്തേതാണ് പ്രയാസം, അവനായി ജീവിക്കണം അതിനാവശ്യമായതെന്താണ്?.. അതിനു സഹായകമായി വിശ്വാസിയായ ഞാൻ കണ്ടെത്തിയത് ഒരു കാറ്റലോഗാണ്. ഞാനതിനെ ബൈബിൾ എന്നു വിളിച്ചു. ദൈവം വലിയ ഒരു സൂപ്പർമാർക്കറ്റ് നടത്തുകയാണ്, പരിശുദ്ധാത്മാവാണ് അതിന്റെ പ്രധാന കാര്യസ്ഥൻ. ഞാൻ കാറ്റലോഗ് നോക്കി ദൈവത്തിന്റെ സൂപ്പർമാർക്കറ്റിൽ നിന്നും എനിക്ക് ലഭിക്കാവുന്ന കാര്യങ്ങൾ കണ്ടുപിടിക്കുന്നു, ഞാനത് പ്രാർത്ഥനയിലൂടെ ഓർഡർ ചെയ്യുന്നു, പരിശുദ്ധാത്മാവ് അത് എന്റെ കയ്യിൽ എത്തിച്ചു തരുന്നു. ചിലർ പരിശുദ്ധാത്മാവിനോടൊപ്പം 'വിശ്വാസ സൂപ്പർമാർക്കറ്റിൽ' ഓടിനടന്ന് ദൈവത്തിനു വേണ്ടി പ്രവർത്തിക്കുന്നു. ഈ കാറ്റലോഗിൽ എനിക്ക് കണ്ടുപിടിക്കുവാൻ കഴിയാതിരുന്ന പലതും അവർ പ്രാർത്ഥിച്ച്, സൂപ്പർ മാർക്കറ്റിലെ ഷെൽഫിൽനിന്ന് എനിക്ക് എടുത്തു തരുന്നു. അതിനനുസരിച്ച് വർദ്ധിച്ചു വരുന്ന എന്റെ, 'വലിയ വിശ്വാസം'!

എന്നാൽ, കൊറോണ വൈറസ് എന്ന സൂക്ഷ്മാണു ഈ വിശ്വാസത്തെയാണ് ആക്രമിച്ചത്. മരണശേഷം സ്വർഗ്ഗത്തിലേക്ക് പോകുവാനുള്ള ടിക്കറ്റ് എന്റെ കൈയ്യിലുള്ളപ്പോൾ തന്നെ മരണഭയം എന്നെ മൂടി. ദൈവത്തിന്റെ സൂപ്പർമാർക്കറ്റിൽ ഇതിനു പ്രതിവിധിയില്ലേ എന്ന ചിന്ത, എന്റെ കൈയ്യിലുള്ള സർട്ടിഫിക്കറ്റ് വ്യാജമാണോ എന്ന സംശയം എന്നിലുളവാക്കി. ഇവിടെ വിശ്വാസം വിരക്തിയാകുന്നു. പൌലൊസ് അപ്പൊസ്തൊലൻ ഗലാത്യലേഖനത്തിൽ പറയുന്നു: 'ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു.' അങ്ങനെയെങ്കിൽ, എനിക്കു ക്രിസ്തുവിലുള്ള വിശ്വാസത്തേക്കാൾ ക്രിസ്തുവിന് എന്നിലുള്ള വിശ്വാസത്തെ നാം അംഗീകരിക്കണം. അതിന് ഞാൻ വിശ്വസ്തനാകണം.

ഈ കോവിഡ് കാലത്ത്, ഇന്റർനാഷനൽ ലേബർ ഓർഗനൈസേഷൻ 112 രാജ്യങ്ങളിലെ യുവജനങ്ങളുടെ ഇടയിൽ നടത്തിയ സർവ്വേ ശ്രദ്ധിക്കപ്പെടുകയുണ്ടായി. അതിൽ വലിയൊരു ശതമാനവും നല്ല വിദ്യാഭ്യാസമുള്ള, ഇന്റർനെറ്റ് ഉപയോഗശേഷിയുള്ള യുവജനങ്ങൾ ആയിരുന്നു. സർവ്വേയിൽ കണ്ടെത്തിയത്: കോവിഡിന്റെ ഫലമായി അൻപത് ശതമാനം യുവജനങ്ങളെയും ആകുലതയും വിഷാദവും ബാധിച്ചിരിക്കുന്നു എന്നാണ്. 'Severe disruption to learning and working, compounded by the health crisis, has seen a deterioration in young people's mental well-being"

ഇത്തരുണത്തിൽ, നേട്ടങ്ങളുടെയും കോട്ടങ്ങളുടെയും കണക്കെടുപ്പിനേക്കാൾ വലുതാണ് ജീവിതമെന്ന് നാം തിരിച്ചറിയണം. ക്രിസ്തു എനിക്കുവേണ്ടി ചിലതു ചെയ്തു അതുകൊണ്ട് ഞാൻ ക്രിസ്തുവിനു വേണ്ടി ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു എന്ന 'പകരത്തിനു പകരമുള്ള' ക്രിസ്തീയ ജീവിതം മതിയാക്കി, നമ്മുടെ വിശ്വാസത്തിനുപരിയായി ദൈവത്തിന് നമ്മിലുള്ള വിശ്വാസത്തിന് വിലകൊടുത്ത്, ക്രിസ്തു നമ്മിൽ ജീവിക്കുവാൻ അനുവദിക്കുക. അപ്പോൾ നമുക്ക് ചില ഉത്തരവാദിത്വങ്ങൾ ഉണ്ട്. ക്രിസ്തുവിന്റെ ശരീരമെന്ന നിലയിൽ, ഈ അവസരത്തിൽ ഞാൻ എന്താണ് ചെയ്യേണ്ടത് എന്ന ചോദ്യത്തിനുള്ള ഉത്തരമാണ് ആ ഉത്തരവാദിത്വം. അത് ഒരു ചലനശക്തി നമ്മിലുളവാക്കും, ക്രിസ്തുവിനു പ്രവർത്തിക്കുവാനുള്ള ചലനക്ഷമത നമ്മിലുണ്ടാകും. അപ്പോൾ നമ്മുടെ ജീവിതത്തിന് ഒരു ലക്ഷ്യബോധം ഉണ്ടാകുന്നു. നമുക്കുവേണ്ടിത്തന്നെ ജീവിച്ച് നേട്ടങ്ങളുണ്ടാക്കാനുള്ള ലക്ഷ്യബോധമല്ല, ക്രിസ്തുവിന്റെ പ്ലാനുകൾ നിറവേറ്റുന്നതിന് നമ്മെ സജ്ജരാക്കുന്ന ലക്ഷ്യബോധം. ജീവിക്കാനുള്ള ആഗ്രഹവും, ശക്തിയും, കാരണവുമതാണ്.

# കോവിഡാനന്തര സഭയും സമൂഹവും: സാഹചര്യങ്ങളും സാധ്യതകളും




റവ. സുനിൽ ചാക്കോ

19-ാംനൂറ്റാണ്ടിന്റെ ഉത്തരാർദ്ധം മുതൽ വലിയ തോതിലുള്ള മഹാവ്യാധികൾ ലോകത്തെ ഗ്രസിച്ചിട്ടുണ്ട്. പകർച്ചവ്യാധികൾ അതിന് മുൻപും ധാരാളം ഉണ്ടായിട്ടുണ്ട്. എങ്കിലും 1851 മുതൽ പ്രത്യേകതരം അസുഖം എന്നതിൽ നിന്നും അടിയന്തര ശ്രദ്ധ ആകർഷിക്കുന്ന പകർച്ചവ്യാധികളായി ഇത്തരം രോഗങ്ങളെ നോക്കി കാണാൻ ലോകരാജ്യങ്ങൾ ശ്രദ്ധിച്ചു തുടങ്ങി. 1851 ൽ രൂപീകരിച്ച International Sanitary Conference ഇങ്ങനെയുള്ള മഹാവ്യാധികളുടെ പകർച്ചയെ തടയുന്നതിനും മനുഷ്യന്റെ സഞ്ചാരം, വ്യാപാരം എന്നിവയെ ബാധിക്കാതിരിക്കുന്നതിനും ലക്ഷ്യം വച്ചു പ്രവർത്തിച്ചു. 1948 ൽ രൂപീകൃതമായ ലോകാരോഗ്യസംഘടനയ്ക്ക് കൈമാറ്റം ചെയ്യപ്പെട്ട വിവരങ്ങളെ അടിസ്ഥാനമാക്കിയാണ് നമുക്ക് ഇത് മനസ്സിലാക്കാൻ കഴിയുന്നത്. 2005 മുതൽ ലോകാരോഗ്യ സംഘടന പകർച്ച വ്യാധി സംബന്ധിച്ച് പുതിയ നിയന്ത്രണങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പുറത്തിറക്കി. Public Health Emergency of International Concern എന്ന പേരിൽ ഈ നിയന്ത്രണങ്ങൾ അറിയപ്പെടുന്നു. 2020 ജനുവരി മാസത്തിൽ തന്നെ കോവിഡ് -19 സംബന്ധിച്ച് അടിയന്തരശ്രദ്ധയും, ആരോഗ്യ അടിയന്തരാവസ്ഥയും (Health Emergency) ലോകാരോഗ്യസംഘടന പ്രഖ്യാപിച്ചു.

ആരോഗ്യ അടിയന്തരാവസ്ഥ പ്രഖ്യാപിച്ച് 8 മാസം പിന്നിടുമ്പോൾ പല തരത്തിലാണ് ലോകം ഇതിനോട് പ്രതികരിക്കുന്നത്. രോഗം മാറി മുൻപുണ്ടായിരുന്ന ഒരു സ്വാതന്ത്ര്യലോക വ്യവസ്ഥയിലേക്ക് നാം പൂർണ്ണമായി തിരികെ പോകും എന്ന് ഒരു കൂട്ടർ പറയുന്നു. എന്നാൽ പ്രതീക്ഷകൾ അനിശ്ചിതമായി മുന്നോട്ട് പോകുന്നത് കൊണ്ട് എന്ത് സംഭവിക്കും എന്ന് ഭയാശങ്കകളും അനിശ്ചിതത്വവും നിറഞ്ഞ മറ്റൊരു വിഭാഗം ആളു

**നവീന മാധ്യമങ്ങൾ സൃഷ്ടിക്കുന്ന അസ്സലുകൾ അഥവാ യാഥാർത്ഥ്യങ്ങൾ എന്നത് തേജസ്സ് നഷ്ടപ്പെട്ട യാന്ത്രിക കാഴ്ചകളാകും. തേജസ്സ് നഷ്ടപ്പെട്ട യാന്ത്രിക കാഴ്ചകളാണ് കാഴ്ചകളുടെ ലോകത്തെ സൃഷ്ടിക്കുന്നത്**



കളുണ്ട്. മൂന്നാമതായി മറ്റൊരു വിഭാഗം ജനത ചിന്തിക്കുന്നത് പുതിയ ഒരു ലോക വ്യവസ്ഥയും, സാമൂഹ്യക്രമവും, ജീവിത ശൈലിയും ലോകം മുഴുവൻ ഉണ്ടാകും എന്നാണ്. അതിനുവേണ്ടി പ്രവർത്തിക്കുവാൻ സന്നദ്ധയും സമർപ്പണവും ഉള്ള കൂട്ടരാണ് അവർ. എന്ത് തന്നെ ആയാലും കോവിഡ് – 19 മഹാവ്യാധി നിലവിലുള്ള സാമൂഹിക, സാമ്പത്തിക, മത സാംസ്കാരിക രംഗങ്ങളിൽ കാര്യമായ വ്യതിയാനം വരുത്തുമെന്നതിൽ സംശയമില്ല. രോഗം മാറി പൂർവാവസ്ഥ നാം കൈവരിച്ചാലും ഒരു പുതിയ ദർശനവും നയവും നാം രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. കോവിഡ് – 19 ലോക്ഡൗൺ കാലം തിരിഞ്ഞു നോട്ടത്തിനും പുനർവിചിന്തനത്തിനും നമുക്ക് അവസരം നൽകുന്നു.

### ആവശ്യവും അത്യാവശ്യവും തമ്മിൽ വേർതിരിക്കാൻ നമുക്ക് അവസരം ലഭിച്ചു

എപ്പോഴും തിരക്കും നീണ്ട മീറ്റിംഗുകളും നീണ്ട യാത്രകളും പെട്ടെന്ന് നിന്നത് ഒരു സ്തംഭനാവസ്ഥ എല്ലാ തലങ്ങളിലും രൂപപ്പെടുത്തി. വലിയ കാര്യങ്ങൾ എന്ന് തോന്നിയ പല കാര്യങ്ങളും അപ്രസക്തമായി. സദാ പ്രവർത്തന നിരതമായ ഒരു ലോകമായിരുന്നു (Activity Centered World) നിലവിലുണ്ടായിരുന്നത്. സദാ പ്രവർത്തന നിരതമായ മനുഷ്യനിൽ രൂപപ്പെട്ട അശാന്തതയും അഹന്തയും ആയിരുന്നു കൊറോണയ്ക്ക് മുൻപ് ഉണ്ടായിരുന്ന സാമൂഹിക – സാംസ്കാരിക പരിസരം. Kierkegaard ന്റെ ഭാഷയിൽ പറഞ്ഞാൽ desperating refusal to oneself. അതിനാൽ സദാ പ്രവർത്തന നിരതനായ മനുഷ്യനിൽ സൃഷ്ടിച്ച അസംതൃപ്തിയിൽ നിന്നുള്ള മടങ്ങിവരവാകട്ടെ കൊറോണയ്ക്ക് ശേഷമുള്ള കാലം എന്ന് നമുക്ക് പ്രത്യാശിക്കാം. മാനേജ്മെന്റ് പഠനത്തിൽ മുൻപേ രൂപപ്പെട്ടിരുന്നതും ഇനി ശക്തിയാർജ്ജിക്കാൻ സാധ്യതയുള്ള ഒരു ചിന്താധാരയാണ് Clock and Compass. Clock നമ്മുടെ സമയങ്ങളെ അടുക്കി വച്ച്, ഷെഡ്യൂൾ ചെയ്ത് പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ സഹായിക്കും. Compass ദിശാസൂചികയാണ്. അതിന് ലക്ഷ്യമുണ്ട്, ലക്ഷ്യത്തിനായി തയ്യാറാക്കിയ ദർശനമുണ്ട്, മാർഗ്ഗമുണ്ട്. സമയത്തും കാലത്തും കുറച്ചു പ്രവർത്തനങ്ങളിൽ ഏർപ്പെടുക എന്നതിലുപരി, ചെയ്യുന്ന കാര്യങ്ങൾക്ക് ലക്ഷ്യവും, മാർഗ്ഗവും ഉദ്ദേശ്യവും ഉണ്ടാകണം. ചുരുക്കത്തിൽ Clock ചിന്താധാരയിൽ നിന്നും Compass ചിന്താധാരയിലേക്ക് തത്ത്വശാസ്ത്രപരമായ പരിണാമം ഉണ്ടാകണം.

### ഉപഭോഗ സംസ്കാരത്തെപ്പറ്റി മനുഷ്യനിൽ വീണ്ടുവിചാരം ഉണ്ടായി

ആധുനിക സമൂഹത്തിന്റെ ആദ്ധ്യാത്മികവും ധാർമ്മികവുമായ പരാജയം എന്നത് നൽവരങ്ങളെ സ്വീകരിക്കുന്നതിനും അംഗീകരിക്കുന്നതിനും ഉള്ള മനസ്സില്ലായ്മയത്രേ. സുഖാനുഭൂതികളെ മാത്രം താലോലിക്കുന്ന ഉപഭോഗ സംസ്കാരത്തിലുള്ള അതിരു കടന്ന താൽപര്യം കൂടാതെ അധ്വാനം, ജോലി, നേട്ടങ്ങൾ സാങ്കേതിക പരിജ്ഞാനം ഇവയിലുള്ള ആഴമായ ആശ്രയം എന്നിവ നൽവരങ്ങളെ പ്രാപിക്കുന്നതിൽ നിന്നും ആളുകളെ അകറ്റി നിർത്തി. മനുഷ്യന്റെ അധ്വാന സമയവും, വിശ്രമ സമയവും കമ്പോളം പിടിമുറുക്കിയതോടെ ആവശ്യമില്ലാത്തതിന്റെ ആവശ്യം (false needs) സൃഷ്ടിക്കുകയും സാമൂഹിക നിയന്ത്രണം കോർപ്പറേറ്റുകൾ ഏറ്റെടുക്കുകയും ചെയ്തു. തന്മൂലം അനിയന്ത്രിതമായ ഉപഭോഗത്തിലും ആസ്വാദനത്തിലും മനുഷ്യർ ശരണപ്പെട്ടു. എന്നാൽ കൊറോണ കാലത്ത് യഥാർത്ഥ ആവശ്യം (Genuine needs) എന്താണെന്ന് മനുഷ്യൻ പഠിച്ചു. പരിമിതമായ യാത്ര, സമൃദ്ധിയല്ലാത്ത ഭക്ഷണം, മോടി കുറഞ്ഞ ജീവിത ശൈലി ഇവയൊക്കെ ശീലിച്ചു. അരക്ഷിതാവസ്ഥയും പരിമിതത്വവും നമുക്ക് മനസ്സിലായി ചെലവ് ചുരുക്കാനും നാം പഠിച്ചിരിക്കുന്നു.

### പുതിയ തരത്തിലുള്ള ദേശസ്നേഹവും രാജ്യ സ്നേഹവും രൂപപ്പെടും

ദേശസ്നേഹം (Patriotism) എന്നത് സൈനിക ശക്തിയിലും, പ്രതിരോധസേനകളിലും നേരിട്ട് ബന്ധപ്പെട്ടിരുന്നു. എന്നാൽ രാജ്യത്തിന്റെ യോദ്ധാക്കൾ ആരോഗ്യ പ്രവർത്തകരും, സന്നദ്ധപ്രവർത്തകരും മനുഷ്യസ്നേഹികളും ആയി മാറി. Militarisation ന്റെ വേഗത കുറഞ്ഞേക്കാം. ചിലപ്പോൾ കുറഞ്ഞില്ല എന്നും വരാം. എന്നാൽ കഴിഞ്ഞ 500 വർഷങ്ങളായി കൊളോണിയൽ കീഴടക്കലിലൂടെ ആകാശവും, ഭൂമിയും, സമുദ്രവും അടക്കി ഭരിക്കാൻ ശ്രമിച്ച ഒരു സൈനീകശക്തിക്കും കൊറോണയെ പ്രതിരോധിക്കാനായില്ല എന്ന് മാത്രമല്ല ആരോഗ്യപ്രവർത്തകർക്ക് ഈ പ്രതിരോധത്തിൽ കാര്യമായി പങ്കുചേരാനും കഴിഞ്ഞു. രാഷ്ട്രങ്ങളെല്ലാം അഹന്തയോടെ സംഭരിച്ച ആയുധങ്ങൾ കാണപ്പെടുന്ന മനുഷ്യരാശിക്ക് മേൽ പ്രയോഗിക്കുവാനാകും. എന്നാൽ കാണപ്പെടാത്ത വൈറസിനെതിരെ ഒന്നും ചെയ്യാനായില്ല. ആയതിനാൽ രാജ്യസ്നേഹവും ദേശസ്നേഹവും മനുഷ്യസ്നേഹത്തിലധിഷ്ഠതമാണെന്ന ചിന്ത മനുഷ്യനെ ഭരിച്ചേക്കാം.

കർത്താവ് വിഭാവന ചെയ്ത ദൈവരാജ്യവും മനുഷ്യസ്നേഹത്തിലധിഷ്ഠിതവും ദൈവ നീതിയിൽ അടിസ്ഥാനപ്പെട്ടതും ആയിരുന്നല്ലോ.

**വിശ്വാസത്തിലേക്ക് ഗൗരവമായ മടങ്ങി വരവുണ്ടാകും**

New York University Institute of Public Knowledge Director ആയ Eric Klineberg ന്റെ അഭിപ്രായത്തിൽ Hyper Individualism കുറയുന്നതിലൂടെ ഒരു 'better version of human being' രൂപപ്പെട്ടു വരും എന്ന ദ്ദേഹം പറയുന്നു. കുറച്ചു കൂടി കടന്നു പറഞ്ഞാൽ രൂപാന്തരപ്പെട്ട, മാനസാന്തരപ്പെട്ട മനുഷ്യവർഗം രൂപപ്പെടാൻ സാധ്യതയേറെയാണ്. കാരണം മതവിശ്വാസികൾക്ക് പൊതുവായി കൂടി വരുന്നതിനുള്ള തടസ്സം സംഭവിച്ചപ്പോൾ ഗാർഹിക സഭകളെല്ലാം ശക്തിപ്പെട്ടു. ഗൃഹസഭയിൽ കുടുംബാംഗങ്ങൾ തന്നെ ശുശ്രൂഷകരും ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്നവരുമായി. ഈ പരിവർത്തനം സാക്ഷ്യമുള്ള ക്രൈസ്തവ കുടുംബങ്ങളെ കൂടുതലായി രൂപപ്പെടുത്തും എന്നതിൽ സംശയമില്ല. 1300 കളുടെ മധ്യത്തിൽ യൂറോപ്പിനെ പിടിച്ചു കുലുക്കിയ ബ്ലാക്ക് ഡെത്ത് (Black Death) എന്ന പകർച്ചവ്യാധിയുടെ പശ്ചാത്തലത്തെ അപഗ്രഹിച്ചുകൊണ്ട് വെർജീനിയയിലെ റിജന്റ് യൂണിവേഴ്സിറ്റി അദ്ധ്യാപകൻ ഡേൽ എം.കോൾട്ടർ "Covid -19 and the spiritual life" എന്ന ലേഖനത്തിൽ ചില ചരിത്ര യാഥാർത്ഥ്യങ്ങൾ വ്യക്തമാക്കുന്നുണ്ട്. Black Death മനുഷ്യ ചരിത്രത്തിലെ ഏറ്റവും മാരകമായ പകർച്ചവ്യാധിയായാണ് കരുതപ്പെടുന്നത്. യൂറോപ്പിലെ 30 മുതൽ 50% വരെ ആളുകളുടെ ജീവൻ അപഹരിച്ചു. പല വിദൂര ഗ്രാമവും ഒറ്റപ്പെടുകയും നാമാവശിഷ്ടമാകുകയും ചെയ്തു. ഇടവക വൈദീകർ ജനങ്ങളെ ഉപേക്ഷിച്ച് നഗരങ്ങളിലേക്ക് പലായനം ചെയ്തപ്പോൾ സന്യാസ ആശ്രമങ്ങളുടെ നേതൃത്വത്തിൽ ഒരു ഭവന കേന്ദ്രീകൃത ആരാധന വളർന്നു വന്നു. കോവിഡ്– 19, ഭവന–കുടുംബ കേന്ദ്രീകൃത വിശ്വാസം വർദ്ധിപ്പിക്കും എന്നതിൽ തർക്കമില്ല.

**സഭയുടെ ദൃശ്യമായ സാന്നിദ്ധ്യവും ജഡം ധരിച്ച ശുശ്രൂഷകളും**

സഭയുടെ ദൃശ്യമായ സാന്നിദ്ധ്യവും, ശുശ്രൂഷയും പരിമിതപ്പെട്ട കാലമാണ് കോവിഡ് കാലം. എന്നാൽ സഭ ശക്തമായ സാന്നിദ്ധ്യം അറിയിച്ചതും കൂടുതൽ ജഡം ധരിച്ച ശുശ്രൂഷകളിൽ ഏർപ്പെട്ടതും ഈ സമയത്ത് തന്നെ. (Church become less physical and less incarnate at the same time more physical and more incarnate) കാരണം കേവലം ചടങ്ങുകളിൽ നിന്നും പ്രകടനങ്ങളിൽ നിന്നും മുന്നോട്ട് പോയി. മനുഷ്യന്റെ ആവശ്യങ്ങളിൽ പങ്കെടുക്കുന്നതിൽ സന്നദ്ധതയും മനസ്സും ഉണ്ടായി. സഭയിലെ യുവ സമൂഹം കൂടുതൽ ശുശ്രൂഷ മുഖത്ത് വന്നു. ഗാർഹികസഭ ശക്തിപ്പെട്ടു. കുടുംബബന്ധങ്ങൾ ശക്തിയാർജ്ജിക്കുവാൻ ഒരളവുവരെ ഇത് സഹായിച്ചു. കുട്ടികൾക്ക് മാതാപിതാക്കളുടെ സാന്നിദ്ധ്യവും മാതാപിതാക്കൾക്ക് കുട്ടികളുടെ സാന്നിദ്ധ്യവും ലഭിച്ചു. അങ്ങനെ സഭ സാന്നിദ്ധ്യം കൊണ്ടും ജഡം ധരിച്ച അനുഭവങ്ങൾ കൊണ്ടും വർദ്ധിതമായി.

**കുറയുന്ന ആഡംബരം**

കൊറോണക്കാലത്ത് വിവാഹം, മാമോദീസ, ഭവനവാഴ്വ്, ശവസംസ്കാരം എന്നീ ശുശ്രൂഷകളെല്ലാം പങ്കെടുക്കുന്നവരുടെ എണ്ണം കൊണ്ട് പരിമിതപ്പെട്ടിരുന്നതിനാൽ കോവിഡ് കാലത്തിന് മുൻപ് ഉണ്ടായിരുന്ന ആഡംബരങ്ങളോ പൊങ്ങച്ചങ്ങളോ ഇല്ല. മനുഷ്യൻ ഒത്തുകൂടുന്നതും ആഘോഷങ്ങളിൽ മുഴുകുന്നതും ജീവിതത്തിന്റെ ഭാഗമാണ്. എന്നാൽ ക്രൈസ്തവ സഭകളിൽ പല ശുശ്രൂഷകളും കടുത്ത ആഡംബരവും, ധൂർത്തുമായി മാറിയിരുന്നു. പല ശുശ്രൂഷകളും വാർത്തയ്ക്കും പരസ്യത്തിനും മാത്രമായിപ്പോയി എന്ന തോന്നലുളവാക്കിയിരുന്നു. ഫോട്ടോയും, പരസ്യവും നിത്യ ജീവിതത്തിന്റെ ഭാഗമായി മാറി. ഏത് ഫോട്ടോയ്ക്കും അതിന്റെ സ്ഥലകാലങ്ങളിൽ മാത്രമാണ് പ്രസക്തി. അതിനു ശേഷമുള്ള പെരുക്കലും പെരുപ്പിക്കലും തേജസ്സില്ലാത്ത വെറും കാഴ്ചകളും വാണിജ്യ മൂല്യങ്ങളും മാത്രമേ നൽകുന്നുള്ളു എന്ന് Paul Virilio എന്ന മാദ്ധ്യമ നിരൂപകൻ The vision machine എന്ന ഗ്രന്ഥത്തിൽ പ്രസ്താവിക്കുന്നു.

**പ്രതീതി വൽക്കരിക്കപ്പെടുന്ന ആരാധനാ ഇടങ്ങൾ**

ആരാധനാ ഇടങ്ങൾ പ്രതീതി വൽക്കരിക്കുന്നത് (Virtual) ആകുന്നത് കോവിഡ് കാലത്ത് ഒരു യാഥാർത്ഥ്യമാണ്. കോവിഡ് കാലത്ത് liturgical activities ൽ അധികവും Virtual liturgical space ആകുന്നു ഉപയാഗിക്കുന്നത്. ഇത് നമുക്ക് സൗകര്യപ്രദമാകുന്നത് കുടാതെ പുതിയ സാധ്യതകൾ നൽകുന്നു എന്നതിലും തർക്കമില്ല. എന്നാൽ നിർബന്ധിത പ്രതീതവൽക്കരണം (forced virtualisation) പ്രാദേശിക ആരാധനാ സമൂഹങ്ങൾ തമ്മിലും അതിനുള്ളിലുമുള്ള അടുപ്പം കുറയ്ക്കുകയും , കേന്ദ്രീകൃത ആരാധനാ സംവിധാനങ്ങൾക്ക് വഴിയൊരുക്കുകയും ചെയ്യും. കൂടാതെ കർത്താവിന്റെ ശരീരമായ സഭയിൽ നമ്മുടെ കൂട്ടായ്മ

ആരുമായിട്ടാണ് എന്ന ചോദ്യവും ഉയർത്തുന്നു. മനുഷ്യന്റെ ശരീരവും അതിന്റെ ഭാഷയും ശാരീരിക അടുപ്പവും ഊഷ്മളതയും ഇതെല്ലാമാണ് ജീവിതത്തെ ക്രിയാത്മകമാക്കുന്നതും അർത്ഥവത്താക്കുന്നതും. പ്രസിദ്ധ ചിന്തകനായ ഇമ്മാനുവേൽ ലവിനാസിന്റെ വ്യക്തിബന്ധങ്ങളെ അപഗ്രഥിച്ചുള്ള നിഗമനം ഇവിടെ വളരെ പ്രസക്തമാണ്. 'The face of the other is a living epiphany' (അപരന്റെ മുഖം ജീവനുള്ള വെളിപ്പാടാണ്). എന്നാൽ virtual reality (പ്രതീതി യാഥാർത്ഥ്യം) ഒരു spectacled community (കാഴ്ചകളുടെ ലോകം) ആകുന്നു പരിപോഷിപ്പിക്കുന്നത്. വിവര സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ദൃശ്യമാധ്യമങ്ങളും ആഗോളീകരണവും ഒരേ നാണയത്തിന്റെ രണ്ട് വശങ്ങളാണ് എന്ന് നാം മറക്കരുത്. നവീന മാധ്യമങ്ങൾ സൃഷ്ടിക്കുന്ന അസ്സലുകൾ അഥവാ യാഥാർത്ഥ്യങ്ങൾ എന്നത് തേജസ്സ് നഷ്ടപ്പെട്ട യാന്ത്രിക കാഴ്ചകളാകും. തേജസ്സ് നഷ്ടപ്പെട്ട യാന്ത്രിക കാഴ്ചകളാണ് കാഴ്ചകളുടെ ലോകത്തെ സൃഷ്ടിക്കുന്നത്.

അവസാനമായി കോവിഡ് ഒരു അടയാളമാണ്. വേദപുസ്തകത്തിൽ പ്രവാചകൻമാരെല്ലാം തന്നെ അവരുടെ കാലഘട്ടത്തെ നിർണ്ണയിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്തിട്ടുണ്ട്. നോഹയുടെ കാലത്തെയും ലോത്തിന്റെ കാലത്തെയും ചൂണ്ടിക്കാട്ടി യേശു മുന്നറിയിപ്പ് നൽകുന്നുണ്ട്. മഹാവ്യാധിയായാലും പ്രകൃതി ദുരന്തമായാലും ഈ അടയാളങ്ങൾ നാം കണക്കിലെടുക്കേണ്ടതാണ്. ഇവയൊക്കെ ഭൗമലോകത്തിലെ യാഥാർത്ഥ്യങ്ങളാണെങ്കിലും മനുഷ്യന്റെ ദുരിതത്തിന് അത് കാരണമാകുന്നതിൽ മനുഷ്യന്റെ പങ്ക് നിർണ്ണായകമാണ്. അടയാളങ്ങളെ വ്യാഖ്യാനം ചെയ്യുകയും പ്രത്യാശയും ധൈര്യവും പകരുകയും ചെയ്യുന്ന ദർശനം നൽകുകയുമാണ് സഭയുടെ ശുശ്രൂഷ. അതിന് ദൈവം നമ്മെ സഹായിക്കട്ടെ.





# മരണവിളി

സനോജ് സജി
എം.റ്റി.സി. തേവലക്കര ഹെബ്രാൻ

എത്രയൊക്കെ ശ്രമിച്ചിട്ടും റോയി ഓഫീസ് വിട്ടിറങ്ങിയപ്പോൾ അഞ്ച് മണി കഴിഞ്ഞു. മനസ്സിൽ സ്വയം പ്രാകിക്കൊണ്ട് വീട്ടിലേക്കുള്ള യാത്രയുടെ വേഗത കൂട്ടി. ഈ വിഷമത്തിനിടയിലും നാളെ ഹോളിഡേ ആണെന്ന് ഓർത്തപ്പോൾ മനസിനൊരാശ്വാസം കിട്ടി. അവധി ദിവസം എങ്ങനെ ഉല്ലാസകരമാക്കാമെന്നായിരുന്നു യാത്രയിലുടനീളം റോയിയുടെ ചിന്ത. അപ്പോഴാണ് തന്റെ എതിരെ വരുന്ന ശ്യാമിനെ റോയി കണ്ടത്.

“ഗുഡ് ഈവനിംഗ് മി.ശ്യാം” ശ്യാമിനു നേരെ കൈ നീട്ടിക്കൊണ്ട് റോയി പറഞ്ഞു.

“ഗുഡ് ഈവനിംഗ് റോയ്” പക്ഷെ ശ്യാമിന്റെ സ്വരത്തിൽ അല്പം മ്ലാനത കലർന്നിരുന്നു. തന്റെ കണ്ണുകൾ റോയിയുടെ മുഖത്തിനു നേരെ ഉയർത്താൻ ശ്യാം അല്പം മടി കാണിക്കുന്നുണ്ടായിരുന്നു. അതിനിടയിൽ റോയി കയറി ചോദിച്ചു.

“എന്താടോ താൻ വല്ലാതെ ഡിപ്രസ്സഡ് ആണല്ലോ”

“ഓഹ് നതിംഗ്. തനിക്കറിയാമല്ലോ എന്റെ പ്രശ്നങ്ങളൊക്കെ

അതിപ്പം കൂടുതൽ കുഴപ്പത്തിലാ....”

ശ്യാം പറഞ്ഞൊപ്പിച്ചു.

“എല്ലാത്തിനും കാരണം തന്റെ കഴിവില്ലായ്മ തനിക്കറിയാമല്ലോ. തന്നേക്കാൾ ജൂനിയറായിട്ട് ജോലിയിൽ പ്രവേശിച്ചയാളാ ഞാൻ. ഇന്നെന്റെ പൊസിഷൻ തനിക്ക് സ്വപ്നം കാണാൻ പറ്റുന്നതിനും അപ്പുറമാ. എല്ലാം എന്റെ ഒറ്റ മിടുക്കാ..... തനിക്കറിയാമോ അടുത്താഴ്ച ടൗണിനപ്പുറത്തെ 20 സെന്റ് സ്ഥലവും വീടും ഞാൻ മേടിക്കുവാ.... രൂപ ഒരു കോടിയാ.... എല്ലാം എന്റെ ഒറ്റ കഴിവുകൊണ്ടുണ്ടാക്കിയതാ..”

റോയി ഉറച്ച ഗമയോടെ പറഞ്ഞു നിർത്തി.

ശ്യാമിനെങ്ങനെയെങ്കിലും റോയിയുടെ അടുത്ത് നിന്ന് രക്ഷപ്പെട്ടാൽ മതിയെന്നായി.

“എന്നാ ശരി റോയി. പിന്നെപ്പോഴെങ്കിലും കാണാം”

ശ്യാം ധൃതിയിൽ പറഞ്ഞു.

ശ്യാമിനോട് യാത്ര പറഞ്ഞ് റോയി മുമ്പോട്ട് നടന്നു. സമയം 5:30 കഴിഞ്ഞിരുന്നു.

വൈകി. ഇനി താമസിച്ചുകൂടാ എത്രയും പെട്ടെന്ന് വീടെത്തണം. റോയ് മനസിൽ വിചാരിച്ചു.

ആൾക്കൂട്ടത്തെ തള്ളിമാറ്റിക്കൊണ്ട് റോയി മുമ്പോട്ട് നീങ്ങിക്കൊണ്ടിരുന്നു.

റോയി പെട്ടെന്നാണ് പിറകിൽ നിന്നുള്ള വിളി കേട്ടത്.

തിരിഞ്ഞു നോക്കിയപ്പോൾ എല്ലാ അപരിചിത മുഖങ്ങൾ ആയതിനാൽ റോയി യാത്ര തുടർന്നു.

അല്ലെങ്കിൽ തന്നെ ലോകത്തിന്റെ പിറകേയുള്ള ഓട്ടത്തിനിടയിൽ ആരുടെ വിളിക്ക് കാതോർക്കാൻ

വിളി കാര്യമാക്കാതെ റോയി മുമ്പോട്ട് നീങ്ങിക്കൊണ്ടിരുന്നു.

ഏയ് ഒന്ന് നിൽക്കൂ.

വിളി പിന്നെയും ഉണ്ടായി. ഈ തവണ ഏതായാലു റോയി നിന്നു. അപ്പോഴാണ് അദ്ദേഹം മനസ്സിലാക്കുന്നത് മരണം ആണ് എന്നെ ഇതുവരെ പിറകിൽ പിന്തുടർന്നുകൊണ്ടിരുന്നത്. ആദ്യം ഒന്ന് സ്തംഭിച്ചെങ്കിലും പിന്നീട് ചിരിച്ചുകൊണ്ട് പുച്ഛിച്ചു തള്ളി. കാരണം താൻ എന്തിന് ഇപ്പോൾ മരണപ്പെടണം.

വയസ്സ് അമ്പതോടടുക്കുന്നതേയുള്ളൂ. കൊളസ്ട്രോളും ഷുഗറും പ്രഷറുമൊക്കെ ഇന്നലെ ചെക്ക്അപ്പ് ചെയ്തതേ ഉള്ളൂ. എല്ലാം നോർമലാണ്. ബ്ലഡ് പ്രഷർ അല്പം കൂടുതലാണെങ്കിലും പേടിക്കാനൊന്നുമില്ല എന്നാണ് ഡോക്ടർ പറഞ്ഞത്. ഹാർട്ട് ബിറ്റ്സും നോർമലാണ്. പണത്തിനോ ആഹാരത്തിനോ ഒരു കുറവുമില്ല. രാവിലെ ജിമ്മിൽ പോവാറുള്ളതിനാല ബോഡിയും ഫിറ്റാണ്. അങ്ങനെയുള്ള താൻ എങ്ങനെ മരണപ്പെടും.

റോയി പുച്ഛത്തോടെ

ഹേ! മരണമേ, നീ തമാശ പറയാതെ പോവാൻ നോക്ക്. നിനക്ക് ആളു തെറ്റിയതായിരിക്കും. ഞാൻ ഇപ്പോൾ കൊല്ലപ്പെടാൻ യാതൊരു സാധ്യതയുമില്ല. ഞാൻ ഇവിടെ ജീവിച്ച് മതിയായിട്ടില്ല. ഞാൻ ഈ ലോകത്ത് നേടിയതുകൊണ്ടൊന്നും തൃപ്തി ആയിട്ടില്ല. ഞാൻ കണ്ടതൊന്നും ആസ്വദിച്ചു തീർന്നിട്ടില്ല. നീ പോയി പത്തിരുപതു കൊല്ലം കഴിഞ്ഞിട്ടു വാ. ഇപ്പോൾ ഞാൻ നിന്റെ കൂടെ വരാൻ തയ്യാറല്ല.

മറുപടിയായി അട്ടഹാസത്തിൽ ചിരിച്ചുകൊണ്ട് മരണം പറഞ്ഞു.“നിനക്ക് നേടിയതൊന്നും മതിയായിട്ടില്ലല്ലേ. കഴിഞ്ഞ 47 വർഷങ്ങൾക്കിടയ്ക്ക് നീ ഈ ഭൂമിയിലെ ജീവിതംകൊണ്ട് എന്തു നേടി. ഈ സമൂഹത്തിൽ നീ എന്തു കൊടുത്തു. നീ നിന്റെ ജീവിതത്തിലെ സുഖസൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നിന്റെ വീടുമാറി, കാറുമാറി, ജോലി മാറി അങ്ങനെ നിനക്ക് സ്വന്തമായ പലതും നീ മാറ്റി. എന്നിട്ടും നിനക്കും നിന്റെ മനസ്സിനും ശാന്തി ലഭിച്ചില്ല. കാരണം നീ ഒന്നു മാത്രം മാറ്റാൻ തയ്യാറായിരുന്നില്ല. നിനക്ക് നിന്നെതന്നെ മാറ്റാൻ കഴിഞ്ഞില്ല. നിന്റെ കുറവുകളെ പരിഹരിക്കാൻ ശ്രമിച്ചില്ല. നിന്നെ ദുരാഗ്രഹം ഉപേക്ഷിക്കാൻ നീ തയ്യാറായിരുന്നില്ല. നീ സ്വയം മാറാതെങ്ങനെ നിന്റെ മനസ്സിന് ശാന്തി ലഭിക്കും”.

മരണത്തിന്റെ ഈ വാക്കുകൾ റോയിയുടെ ഹൃദയത്തിൽ തൊട്ടു. റോയിയുടെ മുഖം ഒന്നു വാടി. മ്ലാനതയിൽ അമർന്നു. മരണവും റോയിയും തമ്മിലുള്ള സംഭാഷണം തുടർന്നുകൊണ്ടേ ഇരുന്നു. അവരുടെ യാത്ര മുമ്പോട്ട് പൊയ്ക്കോണ്ടിരുന്നു.

‘‘നീ നിന്റെ സുഖലോലുപത്തിൽ നിന്റെ ജീവിതം നയിച്ചുകൊണ്ടിരുന്നു. പക്ഷേ നിന്റെ ചുറ്റുപാടും നിന്ന നിന്റെ സഹോദര

ന്മാരെ കാണാൻ നിനക്കു കണ്ണുകൾ ഉണ്ടായിരുന്നില്ല. അവരുടെ കഷ്ടതയെപ്പറ്റി ഓർത്തതേയില്ല. പണത്തിന്റെ കൊഴുപ്പിൽ നീയും നിന്റെ കുടുംബവും ആഹാരം വലിച്ചെറിഞ്ഞപ്പോൾ ഒരു നേരത്തെ ആഹാരത്തിനു പോലും വകയില്ലാത്തവരെ നീ കണ്ടില്ല. അവരുടെ കരച്ചിൽ കേട്ടില്ല. നീ എല്ലാ ഞായറാഴ്ചയും പള്ളിയിൽ പോയിരുന്നു. പക്ഷേ നീ ദൈവത്തെ കണ്ടിരുന്നില്ല. ദൈവത്തിന്റെ വാക്കുകൾ കേട്ടിരുന്നില്ല."

മരണം മുഴുപ്പിക്കുന്നതിനു മുമ്പേ റോയി ഇടയിൽ കയറി "ഞാൻ ദൈവത്തെ അറിഞ്ഞിരുന്നില്ല എന്ന് ഞാൻ സമ്മതിക്കില്ല. ഞാൻ ഒരു ദൈവവിശ്വാസിയാണ്.

ഉലകം പൊട്ടുമാറുച്ചത്തിൽ മരണം മറുപടിയായി പൊട്ടിച്ചിരിച്ചു.

ഏയ് നീ ദൈവത്തെ അറിഞ്ഞിട്ടുകൂടിയില്ല. നീ ദൈവവിശ്വാസിയല്ല. നീ കപട വിശ്വാസിയാണ്. ഇല്ലാത്തവന്റെ കണ്ണുനീർ കാണാൻ കഴിയാത്ത നീ ദൈവവിശ്വാസിയല്ല. വിശന്ന് നിന്റെ മുമ്പിലെത്തിയവന്റെ നേരേ വാതിലുകൾ കൊട്ടിയടച്ചവനാണ്. ദാഹിച്ചു വന്നവനു നേരെ മുഖം തിരിച്ചവനാണ്. നഗ്നനായി കണ്ടവനെ പരിഹസിച്ചവനാണ്. ആ നീ എങ്ങനെ ദൈവവിശ്വാസിയാകും.

റോയിയുടെ മുഖം കൂടുതൽ പരുങ്ങലിലായി. അവൻ കരച്ചിലിന്റെ വക്കോളമെത്തി. മരണം തുടർന്നുകൊണ്ടേയിരുന്നു.

"നിന്റെ സുഹൃത്തുക്കൾ എവിടെ. നിന്റെ വലിയ ബന്ധങ്ങൾ എവിടെ. നിന്റെ പണമെവിടെ. പ്രശസ്തി എവിടെ. ഓ ഈ നിന്റെ അന്ത്യ നിമിഷത്തിൽ നിനക്കു കൂട്ടിനായി ആരുമില്ലേ. നീ നേടിയയാതൊന്നും നിന്റെ മുന്നിൽ എത്തുകയുമില്ല. നിന്നെ എന്റെ മുന്നിൽ നിന്നു ആരും രക്ഷിക്കുകയുമില്ല. നീ ഇപ്പോൾ എന്റെ ഒപ്പം യാത്രയാകു. നീ ഈ ലോകത്തിൽ നേടിയ സകലതും ഉപേക്ഷിച്ച് എന്റെ ഒപ്പം ഇവിടം വിടും"

മരണം ഉറക്കെ അട്ടഹസിച്ചു. റോയി തികഞ്ഞ അപഹർഷതയോടെ തല കുനിച്ചു.

മരണം പരിഹസിച്ചുകൊണ്ട് പറഞ്ഞു.

ലോകത്തിലെ സകലരും എന്റെ മുന്നിൽ നിസഹായരാണ്. അവർ ഒഴിഞ്ഞ കയ്യോടെ എന്റെ മുന്നിൽ താഴ്മയായി നിൽക്കുന്നു. ആരുടെയും മുമ്പിൽ കുനിയാത്ത തല എന്റെ മുമ്പിൽ കുനിക്കുന്നു. ലോകത്തെ വിറപ്പിച്ചവരും അടക്കി വാണവരും സമ്പാദ്യക്കിഴി നിറച്ചവരും എന്റെ മുമ്പിൽ നിസംഗതയോടെ നിൽക്കുന്നു. എന്റെ മുമ്പിൽ എല്ലാവരും ഒന്നുമല്ലാത്തവരായി തീരുന്നു. അവർ എന്നോട് ക്ഷേണപേക്ഷിക്കുന്നു.പക്ഷേഅപ്പോഴേക്കും എല്ലാം വൈകിപ്പോയിരിക്കും. ഇപ്പോളിതാ നീയും എന്റെ മുമ്പിൽ ഒന്നുമല്ലാത്തവനായി മരണത്തിനായി കാത്തു നിൽക്കുന്നു.

ഹഹ.......... ഹഹ.................
ഹഹ.............. ഹഹ..................

നിന്റെ യൗവ്വന മുഴുവൻ നീ മദ്യപിച്ചും ലഹരിക്കടിമപ്പെട്ടും നീ തോന്നിയ പോലെ നടന്നു. നിന്നെ ചോദ്യം ചെയ്യാൻ ആരും ഇല്ല എന്നു കരുതി. നീ മതിമറന്ന് ഉല്ലസിച്ചു. പക്ഷേ നീ ഓർത്തില്ല ഒരിക്കൽ നീ ഒന്നുമല്ലാത്തവനായി മടങ്ങുമെന്ന്. നിന്നോടൊപ്പം ആർത്തുല്ലസിച്ച സുഹൃത്തുക്കൾ എവിടെ? നിന്റെ സമ്പാദ്യങ്ങൾ എവിടെ?

നീ എന്റെ ഒപ്പം വാ.... ഈ ലോകം ഉപേക്ഷിച്ച് എന്റെ ഒപ്പം വാ....

റോയി നിസ്സഹായ അവസ്ഥയിൽ വാവിട്ട് അലറാൻ തുടങ്ങി. "ഇല്ല ഞാൻ വരില്ല. എന്റെ സുഖങ്ങൾ ഉപേക്ഷിച്ച് എന്റെ ലോകം ഉപേക്ഷിച്ച് ഞാൻ വരില്ല. നീ പറഞ്ഞതെ എനിക്കു മനസ്സിലായി. ഞാൻ തിരുത്തിക്കൊള്ളാം."

മരണത്തിന്റെ രൂപം മാറി.

തികഞ്ഞ രോഷത്തോടെ മരണം അലറി.

ഇല്ല. നീ വൈകി പോയിരിക്കുന്നു. നിനക്കിനി ഇവിടെ സ്ഥാനമില്ല. എന്റെ ഒപ്പം വരൂ....

ഇരുട്ടിനെ കീറിമുറിച്ചുകൊണ്ട് മഴ ഭൂമിയിലേക്ക് പെയ്തിറങ്ങി. സമയം രാത്രി പിന്നിട്ടിരുന്നു. മെയ്ൻ റോഡിൽ പെട്ടെന്നാണ് ഒരപകടം നടന്നത്. കൈവരി ഇടിച്ചു തകർത്തുകൊണ്ട് റോയിയുടെ വണ്ടി താഴേക്ക് മറിഞ്ഞു. ആൾക്കാർ ഓടിയടുത്തതും തൽക്ഷണം റോയി മരിച്ചിരുന്നു.

നാളെയെപ്പറ്റി മതിമറന്ന് സ്വപ്നം കണ്ടിരുന്നയാൾ എന്നന്നേക്കുമായി ഭൂമിയിൽനിന്നും യാത്രയായി.

അപ്പോഴും റോയി പിറുപിറുത്തു കൊണ്ടേ ഇരുന്നു.

ഇല്ല.... എനിക്ക് മതിയായിട്ടില്ല. എനിക്കിനിയും നേടണം. എനിക്കിതിലും ലോകത്തിന്റെ സുഖ അനുഭവിക്കണം. എന്നെ വിടൂ...




# നിയമവാഴ്ചയും നീതിവാഴ്ചയും വഴിപിരിയുമ്പോൾ... കോവീഡിയൻ സഭയുടെ ക്രിസ്തീയ ധർമ്മം



**റവ. സജു ശമുവേൽ സി.**
തേവലക്കര വലിയപള്ളി

കോവിഡ് 19 മഹാമാരി ലോകത്തെയാകമാനം ഭിതിയിലാഴ്ത്തി ക്രിസ്തീയ സഭകളുടെയും ആരാധനകളുടെയും സാംഗത്യം ചോദ്യം ചെയ്തിരിക്കുകയാണ്. സഭ ക്രിയാത്മകവും, കാര്യക്ഷമവും ക്രിസ്തു കേന്ദ്രീകൃതവുമായ് ഈ കോവിഡ് കാലയളവിൽ നിലനിൽക്കുക എന്നത് ഒരു വെല്ലുവിളിയും നിയോഗവുമാണ്. ഈ നിയോഗം ഏറ്റെടുക്കുമ്പോൾ സഭ സമുദായ വേർതിരിവുകൾക്കപ്പുറമായ് സംഗതമായ ഒരു കോവീഡിയൻ (Covidian) സഭയായ് തീരുന്നു.

ജീർണ്ണത ബാധിച്ച ആധ്യാത്മീകതയുടെ ചില ആചാരാനുഷ്ഠാനങ്ങൾ മാത്രമായ് സഭകളുടെ പ്രസക്തി പരിമിതപ്പെടുമ്പോൾ സഭയുടെ സ്വാധീന ശക്തി കുറയുവാൻ ഇടയായ് തീരുന്നു. ഓൺലൈൻ ആരാധനയുടെ അനന്ത സാധ്യതകൾ കണ്ടെത്തി സഭയെ സചേതനമാക്കുവാനുള്ള തത്രപ്പാടിൽ സഭയും ആരാധനയും ഓൺലൈനാകുന്നതൊടൊപ്പം (online worship church) സഭ ജീവസുറ്റതായ് തീരുന്നുവോ (alive church) എന്ന് പരിശോധന ചെയ്യേണ്ടിയിരിക്കുന്നു. Today we need live churches than live streaming churches. ആധ്യാത്മീക അനുഭവങ്ങളിൽ വിശ്വാസികൾ ആലസ്യത്തിലും (lethargic) നിരുത്സാഹത്തിലും (dispirited) ആകാതെയിരിക്കാൻ (live streaming) തത്സമയ സംപ്രേക്ഷണങ്ങൽ സഹായിക്കുന്നു എന്നത് മറുന്നുകൂടായെങ്കിലും ശബ്ദരഹിതരുടെ ശബ്ദമായ് മാറുമ്പോഴാണ് സഭ പ്രത്യാശയുടെ അടയാളമായ് തീരുന്നത്. വലിയ ആൾക്കൂട്ടങ്ങളല്ല (big gatherings) എത്രപേരുടെ പങ്കാളിത്തം (log in members) എന്നതുമല്ല ക്രിയാത്മകമായ ധാർമ്മീക ഇടപെടലുകളാണ് സഭയുടെ സാംഗത്യം പരിശോധിക്കുവാനുള്ള അളവുകോലെന്ന് കോവിഡ് നമുക്ക് വരച്ചുകാട്ടി തന്നിരിക്കുന്നു.

God and the pandemic എന്ന തന്റെ പുസ്തകത്തിൽ N.T. Wright രേഖപ്പെടുത്തുന്നത് ശ്രദ്ധേയമാണ്. "The church can be the church whether it is meeting in a building or meeting online. The real question is, what is the church doing this time? Churches are closed to worship services but never closed to doing God's work. ആരാധനകൾ നടത്തുന്നതിൽ വിലക്കപ്പെട്ടിരിക്കുന്നു എങ്കിലും ദൈവീക നിയോഗങ്ങൾ പൂർത്തീകരിക്കുവാൻ ഒരു തടസ്സവുമില്ല എന്നത് സഭയുടെ സാംഗത്യം വർദ്ധിപ്പിക്കുന്നു. ഈ കോവിഡ് കാലയളവിൽ ആചാരാനുഷ്ഠാനങ്ങളുടെയല്ല ധാർമ്മീകതയുടെ ശബ്ദം സഭയിൽ പ്രതിധ്വനിക്കുവാൻ ഇടയായ് തീരേണ്ടതുണ്ട്.

### ദൈവശാസ്ത്ര വ്യാഖ്യാനങ്ങളിലെ നൈതീകത (Theodicy)

ഏത് വിപത്തിനെയും സമീപിക്കുന്ന മനുഷ്യന്റെ സ്വഭാവിക ചോദ്യം 'എന്തുകൊണ്ട് എന്നതാണ് (Why this pandemic?)' സഭകൾക്ക് മുൻപിലുള്ള ഒരു പ്രധാന വെല്ലുവിളിയും ഇതുതന്നെ. എന്തുകൊണ്ട് ഈ വിപത്ത്/ ദോഷം ദൈവം അനുവദിച്ചു എന്ന ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ ശ്രമിക്കുന്ന ദൈവശാസ്ത്രപരമായ സമീപനമാണ് തിയോഡിസി (Theodicy). ദൈവത്തെ നീതികരിച്ച് ദൈവം ദോഷം അനുവദിക്കില്ല എന്ന് തിയോഡിസി സമർത്ഥിക്കുന്നു. പാപത്തിന്റെ പരിണിതഫലം, ദൈവിക ശിക്ഷാവിധി, ലോകാവസാനം, കർത്താവിന്റെ

രണ്ടാം വരവ് എന്നിങ്ങനെ ദൈവ ശാസ്ത്രപരമായ വ്യാഖ്യാനങ്ങൾ കോവിഡ് 19 ന്റെ കാരണമായ് പലരും നിരത്തുന്നു. എന്നാൽ നീതിയുക്തമായ വ്യാഖ്യാനങ്ങൾ നൽകുക എന്നത് സഭയുടെ നിയോഗമാണ് എന്ന് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു.

ദൈവവചനത്തിന്റെ വായനയും ധ്യാനവും (reflection), പ്രഘോഷണവും (Preaching) നീതിയിൽ അധിഷ്ഠിതമായിരിക്കേണ്ടത് അനിവാര്യമാണ്. ചില പാഠങ്ങൾ ഈ വിപത്തിലൂടെ ദൈവം പഠിപ്പിക്കുന്നു എന്നും, ചില നന്മകൾ വരും കാലങ്ങളിൽ ദൈവം തരും എന്നും പറഞ്ഞ് നിശബ്ദമായ് ഈ വിപത്തിനെ സ്വീകരിക്കുകയെന്ന തിയോഡിസിയുടെ ദൈവശാസ്ത്ര വ്യാഖ്യാനം ചോദ്യം ചെയ്യപ്പെടേണ്ടതുണ്ട്. ദൈവത്തെ ചോദ്യം ചെയ്യുക. എന്നതില്ല എങ്കിലും നമ്മുടെ വിലാപവും പ്രതികരണവും ദൈവസന്നിധിയിൽ പ്രാർത്ഥനാപൂർവ്വം സമർപ്പിക്കാൻ കഴിയണം. പരമ്പരാഗതമായ ഇത്തരം വ്യാഖ്യാനങ്ങൾ പല തിന്മകളെയും ചൂഷണങ്ങളും മനുഷ്യന്റെ പാപവുമായ് മാത്രം ബന്ധിച്ച് അവയൊക്കെ അനുവാദവും അംഗീകാരവും നൽകും. കുരിശിൽ കേട്ട ശബ്ദം 'നീയെന്നെ കൈവിട്ടതെന്ത്?' എന്നതാണ്. സങ്കീർത്തനങ്ങളിൽ കാണുന്ന വിലാപങ്ങളും ആന്റി തിയോഡിസി (anti theodicy) യുടേതാണ്.

Sarah Pinnock തന്റെ പുസ്തകത്തിൽ (beyond Theodicy) പറയുന്നത് "Protest of God and lament are prevalent expressions of faith". ചില യാളുകളുടെ ജീവൻ കവരുകയും, അനവധിയാളുകളുടെ ജീവിതത്തെ സാരമായ് ബാധിക്കുകയും ചെയ്തിരിക്കുന്ന കോവിഡ് 19 നെതിരെ നമ്മുടെ വിലാപവും പ്രതിഷേധവം പ്രാർത്ഥനാപൂർവ്വം കാട്ടുന്നത് വിശ്വാസത്തിന്റെ പ്രതിരൂപം തന്നെയാണ്. ഒരു പൂർവ്വസ്ഥിതിയിലേക്കുള്ള തിരിച്ചുപോക്ക് സാധ്യമായില്ലെങ്കിലും (back to normal) ഒരു പുതിയ സ്വഭാവികസ്ഥിതി രൂപപ്പെടുന്നു എങ്കിലും (a new normal) ധാർമ്മികമായ ദൈവശാസ്ത്ര രൂപീകരണം സഭയെ സംഗതമാക്കുന്നു.

**നിയമ വാഴ്ചയിലെ നൈതികത (necropolitics)**

മനുഷ്യ ജീവനെയും ജീവിതത്തെയും സാമൂഹികവും രാഷ്ട്രീയവുമായി നിയന്ത്രിക്കുന്ന അവസ്ഥയാണ് നെക്രോപൊളിറ്റിക്സ് (Necropolitics). ആര് ജീവിക്കണമെന്നും ആര് ജീവിക്കരുത് എന്ന് തീരുമാനിക്കപ്പെടുന്നു. കാമറൂണിയൻ ഫിലോസഫർ ജോസഫ് ആഷിൽ മെംബേയുടെ (Joseph Achille Mbembe) ഈ ആശയം കോവിഡ് കാലയളവിൽ പ്രകടമാണ്.

പണം, സ്വാധീനശക്തി, പ്രായക്കുറവ് ആദിയായവ കോവിഡ് ചികിത്സാ മേഖലയിൽ കൂടുതൽ പരിഗണിക്കപ്പെടുന്നു. മാറാരോഗികളും ദരിദ്രരും (Classism), സ്വാധീനശേഷിയില്ലാത്തവരും (Casteism, racism) പ്രായമായവരും (ageism) മരണത്തിന് കീഴ്പ്പെടട്ടെ എന്ന ചിന്താഗതി ട്രീറ്റ്മെന്റ് സെന്ററുകളിൽ ചികിത്സാ ഉപകരണങ്ങളുടെ ദൗർലഭ്യം കാരണം വ്യക്തമാണ്. വീട്ടിലിരുന്ന് ജോലി ചെയ്യുന്നവരും (work from home) ജോലി സ്ഥലത്തേക്ക് സ്വന്തം വാഹനങ്ങളിൽ പോകുന്നവരും (drive to work) പോഷക സമൃദ്ധമായ (healthy diet) ആഹാരം കഴിക്കുന്നവരും ഈ വിപത്തിൽ നിന്നും ഒഴിഞ്ഞു നിൽക്കും എന്നിരുന്നാലും സമൂഹത്തിന്റെ താഴെ തട്ടിലുള്ളവർ ഏറെ ബാധിക്കപ്പെടും എന്നതിന് സംശയം ഇല്ല. ഇപ്രകാം താഴെ തട്ടിലുള്ളവർ ബാധിക്കപ്പെടുകയും അവഗണിക്കപ്പെടുകയും ചെയ്യുന്നത് ധാർമ്മീകമായി ചോദ്യം ചെയ്യേണ്ടത് സഭയുടെ ദൗത്യമാണ്.

ചില ജീവനുകൾ മൂല്യമുള്ളതും വിലയുള്ളതും എന്ന് കരുതി ചികിത്സയിൽ വേർതിരിവ് കാട്ടുന്ന അനുഭവങ്ങൾ ഉണ്ടാകാൻ പാടില്ല. ഉപകാരപ്രദമായ ജീവനും (useful) ഉപകാരപ്രദമല്ലാത്ത (useless) ജീവനും എന്ന് കരുതുന്നത് അധാർമ്മീകമാണ്. ഈ വേർതിരിവുകൾ സമൂഹത്തിന്റെ മുഖ്യധാരയിൽ ഇല്ലാത്തവരെ (marginalized) കൂടുതൽ ചൂഷണത്തിന് വിധേയരാക്കുന്നു. പരാധീനതയിലുള്ള അനവധിയാളുകൾക്ക് സഭയുടെ ധാർമ്മീക പ്രതിജ്ഞാബദ്ധതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. Preferential option and commitment to the poor relocates the ethical voice of the church. നിയമവാഴ്ചയല്ല ഇവിടെ പ്രസക്തം നീതിയുടെ വാഴ്ചയാണ് പ്രധാനം. കർത്താവ് യഹൂദ നിയമവാഴ്ചയെ പലപ്പോഴും നിശിതമായി വിമർശിച്ചതായ് നാം കാണുന്നു. നീതി നിർവ്വഹണമായിരിക്കണം സഭയുടെ പ്രധാന ലക്ഷ്യം.

സാങ്കേതിക മികവിന്റെ സഭകളായ് തീരുക (hi-definition church) ഉപയോക്ത ഹിതകരമായ (user friendly) ഇടങ്ങളായ് തീരുക എന്നതൊ അല്ല ഒരു 'കോവീഡിയൻ' സഭയുടെ ദൗത്യം. ധന സമൃദ്ധമായ സഭകൾ (opulent churches) ധാർമ്മീക സമൃദ്ധമായ സഭകളായ് (ethical churches) തീരുമ്പോൾ ക്രിസ്തു സാന്നിധ്യത്തിന്റെ അടയാളമായ് സഭ തീരുന്നു. Let the covidian church be the presence of Christ in the world.



# പ്രജാപതി

വേദങ്ങൾ ദർശിച്ച പ്രജാപതി
ദൂതന്മാർ പാടിയ ഇമ്മാനുവേൽ
കന്യാമേരിതൻ പുത്രനായ്‌വന്ന്
ക്രൂശതിൽ യാഗമായ് തീർന്നവൻ താൻ

മനുഷ്യനായ് പിറന്നു, ദൈവമായ് ജീവിച്ചു
പാപത്തെ വെറുത്ത്–പാപിയെ സ്നേഹിച്ചു
മുറിച്ചുതൻ ഗാത്രം കാൽവറിയിൽ ഏകി
നിണമാംസം, പാപിതൻ പരിഹാരമായ്

ആശ്രിതർക്കേകി– ആശ്വാസവും
ദുഃഖിതർക്കേകി – സന്തോഷവും
വർഗ്ഗ–ഭാഷയന്യേ സ്നേഹിച്ചു ജീവിച്ചു
ജീവിതം ഹോമിച്ചു മാനവർക്കായ്

മരണം വരിച്ചു മരക്കുരിശിൽ
മരണത്തെ ജയിച്ചു തൻ ഉയർപ്പിനാലെ
ഏകയാഗത്താൽ പാപപരിഹാരമേകിയ
പ്രജാപതി, "ഓംകാരമായ് വന്ന ക്രിസ്തുദേവൻ"

നില്ക്കുമോ തെല്ലുനീ ക്രൂശിൽ ചാരേ,
ശ്രവിക്കുമോ നാഥൻ തൻ ഇമ്പസ്വരം
പോകല്ലേ, പോകല്ലേ – പാപത്തിനായ് ഇനിയും
വന്നീടുകെൻ ചാരേ, നിത്യമോക്ഷത്തിനായ്

"നിത്യജീവന്റെ ഉറവയിൽ നിന്നും
ദാഹജലം ഞാൻ കുടിച്ചീടട്ടെ
നാൾതോറും നിന്റെ സാക്ഷിയാകാൻ
ദേവാ നീ എന്നേ അനുഗ്രഹിപ്പൂ.



ജോർജ്ജ് ഫിലിപ്പ് എബനേസർ
ചാരുംമൂട് ക്രിസ്റ്റോസ്

# കുടുംബം:
## ബന്ധങ്ങളുടെ ആരംഭവും അടിസ്ഥാനവും



റവ. ലിജോ മാത്യു ജോർജ്
എം.റ്റി.സി. നൂറനാട്

**നമുക്കിന്നാവശ്യം ദർശനമുള്ള ഭവനങ്ങളാണ്. ആദർശ ഭവനങ്ങളിൽ നിന്നു മാത്രമേ ആദർശമുള്ള മക്കൾ വളരുകയുള്ളൂ. ആദർശമുള്ള ഭവനങ്ങൾ ദൈവസ്നേഹത്തിന്റെ ഔഷധക്കൂട്ടിൽ സ്നേഹത്തിന്റെ നിറക്കൂട്ട് ചാലിക്കുന്നവയാണ്. അപ്രകാരം സ്നേഹത്തിന്റെ നിറക്കൂട്ടിൽ ചാലിക്കുന്ന കുട്ടികൾ, യുവതിയുവാക്കൾ സമൂഹത്തിലും സഭയിലും നല്ല വ്യക്തിത്വത്തിന്റെ ഉടമകളായിതീരും**

ബന്ധങ്ങളുടെ ആരംഭവും അടിസ്ഥാനവുമായ കുടുംബം ഇന്ന് ഏറ്റവും അധികം തകർച്ച സംഭവിച്ചു കൊണ്ടിരിക്കുന്നു. ഒരു കുടുംബത്തിലെ ബന്ധങ്ങൾ നിലനിൽക്കാത്ത പക്ഷം എങ്ങനെ സമൂഹത്തിൽ നല്ല ബന്ധങ്ങൾ ഉണ്ടാക്കുവാൻ സാധിക്കും? കുടുംബം സമൂഹത്തിലും സമൂഹം കുടുംബത്തിലും എല്ലായ്പ്പോഴും വലിയ സ്വാധീനം ചെലുത്തികൊണ്ടിരിക്കുന്നത്. ഒരു കുടുംബത്തിൽ ജീവിക്കുമ്പോൾ ഓരോ അംഗവും തനിക്കുവേണ്ടി മാത്രമായിട്ടല്ല ജീവിക്കുന്നത്. അവർ ഒരുമിച്ചു ജീവിക്കുകയും ഒരുമിച്ചു വളരുകയുമാണ്. പരസ്പര ബഹുമാനത്തിന്റെയും സഹകരണത്തിന്റെയും വിട്ടുവീഴ്ചാ മനോഭാവത്തിന്റെയും ത്യാഗത്തിന്റെയും ബാലപാഠങ്ങൾ ഏറ്റവും വ്യക്തമായി ആദ്യം പ്രതിഫലിച്ചു കാണുന്നത് കുടുംബത്തിലാണ്. കുട്ടികൾ സാമൂഹ്യജീവിയായി വളരുമ്പോൾ ഭവനത്തിൽ തങ്ങൾ അനുഭവിച്ച മാതൃകകൾ സമൂഹത്തിലേക്ക് അറിയാതെ തന്നെ പകർത്തും. അപ്പോൾ സാമൂഹ്യബന്ധങ്ങൾ കൂടുതൽ ദൃഢമാകും.

ഓരോ ഭവനവും ദൈവമുള്ള ഭവനമായി സ്നേഹമുള്ള ഭവനമായി വളരണം. ക്രിസ്തുവിനെ പുറത്തുനിർത്തി സ്നേഹത്തെ അകത്തു കൊണ്ടുവരാൻ ആർക്കും സാധിക്കുകയില്ല. ക്രിസ്തുവില്ലാത്ത ഭവനത്തിൽ സ്നേഹമെന്ന പേരിൽ കുടിയേറ്റം നടത്തുന്നത് രോഗാതുരമായ തൃഷ്ണകൾ മാത്രമായിരിക്കും. ഒരു ഭവനത്തിലെ ദൈവ സാന്നിദ്ധ്യത്തിനു പകരം വെയ്ക്കുവാൻ മറ്റൊന്നിനുമാവില്ല. "ഈ പട്ടണത്തിൽ ഒരു ദൈവ



പുരുഷൻ ഉണ്ട്; അവൻ മാന്യൻ ആകുന്നു; അവൻ പറയുന്നതെല്ലാം ഒത്തു വരുന്നു; നമുക്ക് അവിടെ പോകാം. നാം പോകുവാനുള്ള വഴി അവൻ പക്ഷേ പറഞ്ഞുതരും" (1 ശമുവേൽ 9:6) ശമുവേലിന്റെ ജീവിതവിശുദ്ധിയും മഹത്വവും ഒരു സാധാരണക്കാരനുപോലും തിരിച്ചറിയാൻ കഴിയുമായിരുന്നു. എത്ര ശ്രേഷ്ഠമായ സാക്ഷ്യം. ശമുവേൽ എന്ന ബാലനെ മാതാപിതാക്കൾക്കു ലഭിച്ചത് കണ്ണീരിൽ കുതിർന്ന പ്രാർത്ഥനയിലൂടെയാണ്. മാതാപിതാക്കൾ അവനെ ദൈവമുള്ള പൈതലായി വളർത്തുവാൻ ആഗ്രഹിക്കുകയും ദൈവാലയത്തിലെ ഏലി പുരോഹിതന് ശുശ്രൂഷ ചെയ്യുവാനായി വിട്ടുകൊടുക്കുകയും ചെയ്തു. യഹോവയുടെ ആലയത്തിൽ ശമുവേൽ എങ്ങനെ വളർന്നു എന്നതിന്റെ തെളിവാണ്/ശമുവേൽ 2-ാം അദ്ധ്യായം 26-ാം വാക്യം ശമുവേൽ ബാലനോ വളരുന്തോറും യഹോവയ്ക്കും മനുഷ്യർക്കും പ്രീതിയുള്ളവനായി വളർന്നു. ഭവനത്തിന്റെ അഭിമാനമായി ദൈവാലയത്തിൽ വളർന്ന കുട്ടി പിന്നീട് യിസ്രായേലിന്റെ സമാനതകളില്ലാത്ത ഉദാത്ത നേതൃത്വശൈലിയുടെ സമുന്നത മാതൃകയായി മാറുകയുണ്ടായി. ഓരോ വ്യക്തിയിലും ഭവനം വലിയ സ്വാധീനം ചെലുത്തും, ദൈവമുള്ള ഭവനം ഭൂമിയിലെ സ്വർഗമായിരിക്കും.

**കുടുംബം തലമുറയോടുള്ള ഉത്തരവാദിത്വം നിറവേറ്റപ്പെടുന്ന ഇടം**

ഇയ്യോബിന്റെ പുത്രന്മാർ ഓരോരുത്തൻ താന്താന്റെ വീട്ടിൽ വിരുന്നൊരുക്കുകയും ഞങ്ങളുടെ സഹോദരിമാരെ അവിടേയ്ക്ക് ക്ഷണിക്കുകയും ചെയ്തിരുന്നു. സഹോദരബന്ധം ദൃഢമായത് ദൈവേഷ്ടം ഭൂമിയിൽ നിറവേറ്റപ്പെടുന്ന കുടുംബമായി ഇയ്യോബിന്റെ കുടുംബം മാറിയതുകൊണ്ടാണ്. ഇന്നത്തെ തലമുറകൾ നഷ്ടപ്പെടുന്നതിനു പ്രധാന കാരണം മാതാപിതാക്കളുടെ പ്രാർത്ഥനയുടെ കുറവാണ്. അതുപോലെ വിവാഹബന്ധം തകരുന്നതിനും പ്രധാന ഉത്തരവാദികൾ മാതാപിതാക്കൾ തന്നെയാണ്. കാരണം കുടുംബത്തെക്കുറിച്ചുള്ള ദൈവോദ്ദേശ്യം മാതാപിതാക്കൾ മറക്കുന്നു. ഇയ്യോബിനെപ്പോലെ മാതാപിതാക്കൾ തങ്ങളുടെ ആയുസിന്റെ അന്ത്യം വരെയും ദൈവത്തിന്റെ ദാനമായ തലമുറകൾക്കുവേണ്ടി പ്രാർത്ഥിക്കേണ്ടത് ആവശ്യമാണ്. നല്ലൊരു തലമുറയുടെ കെട്ടുപണി സാദ്ധ്യമാകുന്നത് അറിവിന്റെ പരമോന്നതിയിലും സമ്പത്തിന്റെ സുഭിക്ഷതയിലും പദവികളുടെ ഉന്നതികളിലും അല്ല മറിച്ച് മൂല്യവത്തായ ജീവിതശൈലിയുടെ അടിസ്ഥാനത്തിലാണ്. ഈയൊരു ലക്ഷ്യപ്രാപ്തിക്കായി ക്രിസ്തീയ വിശ്വാസം തലമുറകളിലേക്ക് പകരേണ്ടിയിരിക്കുന്നു. വളർന്നു വരുന്ന തലമുറയെ ദൈവവുമായുള്ള അഭേദ്യബന്ധത്തിൽ നിലനിർത്തുന്നതിന ഇടയാക്കണം.

തകഴിയുടെ ഒരു ചോദ്യം ഈ കാലഘട്ടത്തിൽ ഏറെ പ്രസക്തമാണ്. ഇനിയും ഒരു വീടായിത്തീരാൻ എന്തെല്ലാം അവിടെ ഉണ്ടാകേണ്ടിയിരിക്കുന്നു? ഒരു വീട് വീടാകുന്നത് കുറെ വസ്തുക്കൾ അവിടെ ഉണ്ടാകുമ്പോഴല്ല അവിടെ സ്നേഹമുണ്ടാകുമ്പോഴാണ്. ദൈവവും മനുഷ്യരും കൂടി ഒരുമിച്ചു വസിക്കുമ്പോഴാണ് സ്നേഹമുണ്ടാകുന്നത് ഒരു വീടുണ്ടാകുന്നത്. വീട് രോഗാതുരമാകുന്നത് സ്നേഹം കുറയുമ്പോഴാണ്. വധുവായി ചെന്നുചേരുന്ന കറുത്തമ്മയുടെ നിയോഗത്തെക്കുറിച്ച് ഒരു വൃദ്ധയുടെ വാക്കുകളിലൂടെ തകഴി പറയുന്നത് "ഒരു കൊച്ചനെ നിന്നെ ഏല്പിച്ചിരിക്കുവാ മോളേ, എല്ലാം നീ തന്നെ ഒണ്ടാക്കണം" എന്നാണ്. വീട്ടിൽ സ്നേഹത്തിന്റെ നിറക്കുട ഒരാൾ മാത്രം വിചാരിച്ചാൽ ഉണ്ടാവുകയില്ല എന്നതാണ് സത്യം. എല്ലാവരും കൂടിച്ചേർന്ന് ദൈവത്തോടൊപ്പമിരുന്ന് സ്നേഹത്തിന്റെ നിറക്കൂട്ട് ഉണ്ടാക്കുമ്പോൾ അതൊരു കുടുംബത്തിന്റെ ഔഷധക്കൂട്ടായി മാറും.

നമുക്കിന്നാവശ്യം ദർശനമുള്ള ഭവനങ്ങളാണ്. ആദർശ ഭവനങ്ങളിൽ നിന്നു മാത്രമേ ആദർശമുള്ള മക്കൾ വളരുകയുള്ളു. ആദർശമുള്ള ഭവനങ്ങൾ ദൈവസ്നേഹത്തിന്റെ ഔഷധക്കൂട്ടിൽ സ്നേഹത്തിന്റെ നിറക്കൂട്ട് ചാലിക്കുന്നവയാണ്. അപ്രകാരം സ്നേഹത്തിന്റെ നിറക്കൂട്ടിൽ ചാലിക്കുന്ന കുട്ടികൾ, യുവതിയുവാക്കൾ സമൂഹത്തിലും സഭയിലും നല്ല വ്യക്തിത്വത്തിന്റെ ഉടമകളായിതീരും.



# കുടുംബം: ഭൂമിയിലെ സ്വർഗ്ഗം

മനുഷ്യവർഗത്തിന് ദൈവം നൽകിയ വലിയ ദാനമാണ് കുടുംബം. സ്നേഹിക്കുവാനും സ്നേഹിക്കപ്പെടാനും ഉള്ള കഴിവും സന്നദ്ധതയുമാണ് കുടുംബത്തിന്റെ ആണിക്കല്ല്. കുടുംബത്തിൽ തങ്ങൾക്കുള്ള പങ്ക് എന്താണെന്ന് അറിയാത്തവരാണ് കുട്ടികൾ. ഒരു കുഞ്ഞിന്റെ വ്യക്തിത്വവികസനത്തിൽ മുഖ്യസ്ഥാനം കുടുംബത്തിനാണ്. മാതാപിതാക്കളാണ് കുഞ്ഞിന്റെ ജീവിതത്തിൽ പൂത്തുലയാൻ വേണ്ട ജലവും വളവും നൽകേണ്ടത്. എന്നാൽ ഇന്ന് കുട്ടികളെ ബോർഡിംഗിൽ കൊണ്ടാക്കുന്ന പ്രവണത ഏറിയിരിക്കുന്നു. മാതാപിതാക്കളുടെ സാന്നിദ്ധ്യം ഏറെ ആഗ്രഹിക്കുന്ന കാലത്ത് അവർക്ക് അത് ലഭിക്കുന്നില്ല.

ഒരു കുഞ്ഞ് ആദ്യം തന്റെ കുടുംബത്തോട് ഇണങ്ങി ചേരുന്നു. എന്നാൽ സമൂഹവുമായി ഇണങ്ങി ചേരാൻ കുഞ്ഞ് പഠിക്കേണ്ടത് കുടുംബത്തിൽ നിന്നാണ്. ഈ നവയുഗത്തിൽ മാതാപിതാക്കൾക്ക് കുഞ്ഞുങ്ങളുമായി പങ്കിടുവാൻ സമയമില്ല. കാരണം അവർ സോഷ്യൽ മീഡിയയ്ക്ക് അടിമകളാണ്. തങ്ങളുടെ സ്വപ്നങ്ങൾ കുഞ്ഞുങ്ങളിൽ അടിച്ചേൽപ്പിക്കുകയാണ് മാതാപിതാക്കൾ. കുഞ്ഞുങ്ങൾക്ക് നേർവഴി കാട്ടിക്കൊടുക്കേണ്ടത് മാതാപിതാക്കളാണ്. എന്നാൽ മാതാപിതാക്കൾ നേർവഴിയിൽ സഞ്ചരിക്കുന്നില്ല എങ്കിൽ എന്താണ് അവസ്ഥ. ദൈവവചനം പകർന്നു കൊടുത്ത് ദൈവീകവിചാരം അവരുടെ ഹൃദയത്തിൽ ഉണ്ടാക്കേണ്ടത് മാതാപിതാക്കളാണ്.

തിരിച്ചറിവിന്റെ പ്രായം വരെ മാതാപിതാക്കളുടെ സാന്നിദ്ധ്യം അവർക്ക് ആവശ്യമാണ്. മുമ്പോട്ടുള്ള ജീവിതത്തിൽ താൻ എങ്ങനെ ആയിരിക്കണം എന്നത് നിർണയിക്കുന്നത് ആ കാലഘട്ടത്തിലാണ്. മാതാപിതാക്കൾ പകർന്നു കൊടുക്കുന്നതാണ് അവരെ നയിക്കുന്നത്. മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല എന്ന് കണ്ടിട്ട് അവന് തക്ക തുണയെ കൊടുത്ത് ദൈവം സൃഷ്ടിച്ച ആദ്യകുടുംബമാണ് ഇന്നു തലമുറകളിലൂടെ നിലനിൽക്കുന്നത്. ദൈവീക മർമ്മങ്ങളെ മുറുകെപിടിക്കുന്നതാവണം നമ്മുടെ കുടുംബം. പ്രാർത്ഥനയാലും ദൈവവചനത്താലും കെട്ടിപ്പടുക്കണം കുടുംബം. എന്നാൽ മാത്രമേ കുടുംബം ഇമ്പമുള്ളതാവുകയുള്ളൂ. കുടുംബമെന്ന കൊച്ച് സ്വർഗ്ഗത്തിലെ മാലാഖമാരാണ് ഓരോ കുഞ്ഞും.



**അലീന ജോൺസൺ**
**കലയപുരം ശാലേം**

# ചെറുതിന്റെ വലുപ്പം

**ചാക്കോ വർഗ്ഗീസ്**
**കറ്റാനം സെന്റ് തോമസ്**

*“യഹോവ എന്റെ വെളിച്ചവും എന്റെ രക്ഷയുമാകുന്നു” (സങ്കീർത്തനം 27:1)*

കത്തിച്ച ചെറിയ മെഴുകുതിരിയുമായി കടൽ തീരത്തെ വിളക്കു മരത്തിന്റെ കാവൽ ക്കാരൻ ഉയരങ്ങളിലേക്ക് കയറിക്കൊണ്ടിരുന്ന പ്പോൾ, ആ ചെറിയ മെഴുകുതിരി ചോദിച്ചു എന്നെയും കൊണ്ട് അങ്ങ് എന്തിനാണ് ഉയ രങ്ങളിലേക്ക് കയറുന്നത്? കാവൽക്കാരൻ വിളക്കുമരത്തിന്റെ മുകളിലേക്ക് എന്ന് മറുപടി നൽകി. അവിടെ നിങ്ങൾ എന്നെ കൊണ്ട് എന്തു ചെയ്യാനാണ് ആഗ്രഹിക്കുന്നത് എന്ന് മെഴുകുതിരി വീണ്ടും ചോദിച്ചു.

ഉൾക്കടലിൽ കൂടി പോകുന്ന “കപ്പലിന്” അതി ന്റെ വഴി കണ്ടെത്തുന്നതിനായ് നിന്നെ ഉപയോ ഗിക്കുമെന്ന് കാവൽക്കാരൻ മറുപടി നൽകി. ഈ ഇരുൾ മൂടിയ രാത്രിയിൽ ഞാൻ ഉൾക്കടലിൽ കൂടെ പോകുന്ന കപ്പലിന് വഴിക്കാട്ടിയായിത്തീരുമെന്നോ? മെഴുകുതിരി ആശ്ചര്യപ്പെട്ടു. അതെ വളരെ ചെറിയ വെളിച്ചം നൽകുന്ന നീ ചില ഉപകരണങ്ങളിൽകൂടി വലുതായ പ്രകാശം കൊടുക്കുവാൻ പോകുകയാ ണ്. നീ ഇങ്ങനെ തന്നെ കത്തിക്കൊണ്ടിരുന്നാൽ മതി. ബാക്കികാര്യം ഞാൻ ചെയ്തുകൊള്ളാം.

നീ അതിന് വിനയപ്പെട്ടാൽ നീ വലിയ ജ്വലിക്കുന്ന പ്രകാശം കൊടുക്കുന്നതായി മാറും. വിളക്കുമരത്തി ന്റെ മുകളിൽ എത്തിയ കാവൽക്കാരൻ മെഴുകു തിരിയിൽ നിന്ന് തീ വലിയ വിളക്കിലേക്ക് കത്തി ച്ചു- അപ്പോൾ മെഴുകുതിരിയിൽ നിന്ന് തീലഭിച്ച പ്രകാശം അതിവദൂരതയിൽ കൂടി സഞ്ചരിക്കുന്ന കപ്പലുകൾക്ക് വഴികാട്ടിയായിതീർന്നു.

കാവൽക്കാരൻ മെഴുകുതിരിയോട് ഇപ്രകാരം പറ ഞ്ഞു. നിന്റെ ചെറിയ വെളിച്ചം ഇപ്പോൾ എത്രയോ വലിപ്പമുള്ളതായി തീർന്നിരിക്കുന്നു. ഇതിന്റെ ഉപ യോഗം എത്രയോ വിലപ്പെട്ടതാണ്.

ദൈവം മനുഷ്യനെ സൃഷ്ടിച്ച് ഈ ഭൂമിയിൽ ആക്കിയിരിക്കുന്നത് ലോകത്തിന് വെളിച്ചമായി തീരുവാൻ വേണ്ടിയാണ്. എന്നാൽ അനേകരും തങ്ങളിലുള്ള വെളിച്ചത്തെ തല്ലിക്കെടുത്തി അന്ധ കാരമാക്കുന്നു. നമ്മിലുള്ള ക്രിസ്തുവെളിച്ചം അനേ കർക്ക് വഴികാട്ടിയായി മാറട്ടെ.





# തിരിച്ചറിഞ്ഞ് രുചിച്ചറിഞ്ഞ് വിളിച്ചോതി

റെനി ബിജു
മാർത്തോമ്മാ ചർച്ച്, ഏനാത്ത്

വി. യോഹന്നാൻ എഴുതിയ സുവിശേഷം 4-ാം അദ്ധ്യായം 27-30 വാക്യങ്ങൾ വായിക്കുമ്പോൾ നമ്മുടെ മനസ്സിൽ ഓടിയെത്തുന്ന ഒരു കഥാപാത്രമുണ്ട്. മാറ്റത്തിന് വഴിയൊരുക്കിയതായ ഒരു ശമര്യസ്ത്രീ. അവൾ ഒരു വ്യക്തിയെയോ കുടുംബത്തെയോ ഏതാനും ചിലരെയോ അല്ലമറിച്ച് ഒരു പട്ടണത്തെയാണ് മാറ്റത്തിലേക്ക് നയിച്ചത്. എന്ത് മാറ്റമാണ് അവൾ ആ പട്ടണത്തിൽ വരുത്തിയത്? യോഹ. 4:39 ൽ പറയുന്നു "…..സ്ത്രീ സാക്ഷ്യം പറഞ്ഞ വാക്കുനിമിത്തം ആ പട്ടണത്തിലെ പല ശമര്യരും അവനിൽ (യേശുവിൽ) വിശ്വസിച്ചു".

ഇപ്രകാരം ഒരു പട്ടണത്തെ മുഴുവൻ യേശുവിലേക്ക് നയിക്കുവാൻ എന്ത് യോഗ്യതയായിരുന്നു അവളിൽ ഉണ്ടായിരുന്നത്. മാനുഷിക കാഴ്ചപ്പാടിലും ബുദ്ധിയിലും ചിന്തിച്ചാൽ ഒരു യോഗ്യതയും ഇല്ലാതിരുന്ന ഒരു സ്ത്രീ. യോഹ. 4:9 ൽ ഈ സ്ത്രീ യേശുവിനോട് പറയുന്നു "നീ ഒരു യഹൂദൻ ആയിരിക്കെ, ശമര്യക്കാരത്തിയായ എന്നോട് കുടിപ്പാൻ ചോദിക്കുന്നത് എങ്ങനെ, യഹൂദനും ശമ്യർക്കും തമ്മിൽ സമ്പർക്കമില്ലല്ലോ". ഒരു യഹൂദനെ സംബന്ധിച്ചിടത്തോളം അവൻ ഉന്നതജാതിയിൽപ്പെട്ടവൻ ആണ്. എന്നാൽ ഒരു ശമര്യനെ സംബന്ധിച്ച് അവൻ താഴ്ന്ന ജാതിയിൽപ്പെട്ടവനും. അങ്ങനെ നോക്കിയാൽ പാരമ്പര്യമോ കുലമഹിമയോ ഒന്നും അവകാശപ്പെടാനില്ലായിരുന്നു ഈ സ്ത്രീക്ക്.

യോഹ. 4:16 ൽ യേശു ഈ സ്ത്രീയോട് പോയി നിന്റെ ഭർത്താവിനെ വിളിച്ചുകൊണ്ടു വരിക എന്നു പറയുന്നു. തുടർന്നുള്ള വാക്യങ്ങൾ വായിക്കുമ്പോൾ അവൾ യേശുവിനോട് എനിക്ക് ഭർത്താവില്ല എന്നു മറുപടി നല്കുന്നു. അപ്പോൾ യേശു പറയുകയാണ്, എനിക്ക് ഭർത്താവില്ല എന്നു നീ പറഞ്ഞത് ശരിയാണ്, എന്നാൽ അഞ്ച് ഭർത്താക്കന്മാർ നിനക്കുണ്ടായിരുന്നു. ഇപ്പോഴുള്ളവനോ ഭർത്താവല്ല. ഇതിന് ചില ബിബ്ലിക്കൽ അർത്ഥങ്ങളൊക്കെ പറയുവാൻ സാധിക്കുമെങ്കിലും സാധാരണനിലയിൽ ചിന്തിച്ചാൽ 5 ഭർത്താക്കന്മാർ ഉണ്ടായിരുന്ന ഒരു സ്ത്രീക്ക് സമൂഹത്തിൽ എന്ത് വില ഉണ്ടായിരിക്കും എന്ന് നമുക്ക് അറിയാം. ഇപ്രകാരം പാരമ്പര്യമോ, കുലമഹിമയോ, സ്വഭാവശ്രേഷ്ഠതയോ ഒന്നും അവകാശപ്പെടാൻ ഇല്ലാതിരുന്ന ഒരു സ്ത്രീയാണ് ഈ ശമര്യസ്ത്രീ. പിന്നെ എങ്ങനെ അവൾക്ക് ഇത്രവലിയ ഒരു ദൗത്യം ഏറ്റെടുക്കുവാൻ സാധിച്ചു?

**തേടി വന്നനെ അംഗീകരിച്ചു**

യഹൂദനും ശമര്യർക്കും തമ്മിൽ യാതൊരു സമ്പർക്കവും ഇല്ലാതിരുന്ന കാലം. ഒരു യഹൂദന് ഒരു ശമര്യസ്ത്രീയിൽ നിന്ന് ഒരു ഗ്ലാസ്സ് ദാഹജലം വാങ്ങിക്കുടിക്കുവാൻ വിലക്കുണ്ടായിരുന്ന കാലം. അങ്ങനെയുള്ള ഒരു കാലത്തിലാണ് യേശു ഈ ശമര്യസ്ത്രീയുടെ അടുക്കൽ എത്തുന്നത്. വേദഭാഗം നമ്മെ ഓർമ്മിപ്പിക്കുന്നതുപോലെ ഈ സ്ത്രീ യേശുവിനെ തേടി ചെന്നതല്ല, മറിച്ച് യേശു ഈ സ്ത്രീയുടെ അടുക്കൽ എത്തിയതാണ്. അവരുടെ സംഭാഷണത്തിന് തുടക്കം കുറിച്ചതും യേശുതന്നെയാണ്. ഈ വേദഭാഗം നമുക്ക് തരുന്ന ഒരു ഉറപ്പുണ്ട്. നാം ഏത് അവസ്ഥയിൽ ആയിരുന്നാലും നമ്മെ തേടിവരുന്ന ഒരു യേശുവുണ്ട്. ഒരുപക്ഷേ, സമൂഹം നമുക്ക് ചില അതിർവരുമ്പുകൾ ഒക്കെ ഇട്ടിട്ടുണ്ടാവാം. നമുക്കുതന്നെ നാം ബലഹീനരാണെന്ന് തോന്നുന്നുണ്ടാകാം. ഏകാന്തതയുടെ അനുഭവം നമ്മുടെ ജീവിതത്തിൽ ഉണ്ടാകാം, എല്ലാവരും നമ്മെ ഒറ്റപ്പെടുത്തിയെന്നുവരാം, ചില രോഗങ്ങൾക്ക് നാം അടിമപ്പെട്ടിരിക്കാം. എന്നാൽ ഇവയുടെയെല്ലാം മദ്ധ്യത്തിൽ എല്ലാ അതിർവരമ്പുകളെയും തച്ചുടച്ച് നമ്മെ തേടിവരുന്ന ഒരു യേശുവുണ്ട്.

ഇപ്രകാരം നമ്മെ തേടിവരുന്ന യേശുവിനെ തിരിച്ചറിയുവാൻ നമുക്ക് സാധിച്ചിട്ടുണ്ടോ എന്നുള്ളതാണ് പ്രധാനം. ഇവിടെ ഈ ശമര്യസ്ത്രീ തന്നെ തേടിവന്ന യേശുവിനെ ഘട്ടം ഘട്ടമായി ആഴത്തിൽ മനസ്സിലാക്കുന്നതായി നമുക്ക് കാണാം. 9-ാം വാക്യത്തിൽ സ്ത്രീ അവനോട് 'നീ ഒരു യഹൂദൻ ആയിരിക്കെ' എന്നു പറഞ്ഞിരിക്കുന്നു. അപ്പോൾ യേശു അവൾക്ക് കേവലം ഒരു യഹൂദൻ മാത്രമാണ്. എന്നാൽ 11-ാം വാക്യത്തിൽ വരുമ്പോൾ അവൾ യേശുവിനെ 'യജമാനനെ' എന്നു വിളിക്കുന്നു. തുടർന്ന് 19-ാം വാക്യത്തിൽ താൻ ചെയ്തതൊക്കെയും തന്നോടു പറഞ്ഞ യേശുവിനെ 'ഒരു പ്രവാചകനായി' അവൾ കാണുകയാണ്. 26-ാം വാക്യത്തിൽ യേശു തന്നെത്തന്നെ അവൾക്ക് വെളിപ്പെടുത്തിക്കൊടുക്കുന്നു. "നിന്നോട് സംസാരിക്കുന്ന ഞാൻ തന്നെ മശിഹാ" എന്ന് യേശു പറയുമ്പോൾ അത് പൂർണ്ണമായി ഉൾക്കൊള്ളുവാൻ അവൾക്ക് സാധിച്ചു. ഇങ്ങനെ ഘട്ടം ഘട്ടമായി യേശുവിനെ രുചിച്ചറിഞ്ഞവളാണ് ശമര്യസ്ത്രീ. ഈ സ്ത്രീയെപ്പോലെ യേശുവിനെ ജീവിതത്തിൽ രുചിച്ചറിയുവാൻ നമുക്ക് സാധിക്കണം.

**രുചിച്ചറിഞ്ഞവനെ വിളിച്ചോതി**

വി.യോഹ. 4:29 ൽ അവൾ പട്ടണത്തിൽ ചെന്ന് താൻ രുചിച്ചറിഞ്ഞ യേശുവിനെക്കുറിച്ച് സാക്ഷിക്കുന്നതായിട്ട് നമുക്ക് കാണാം. അനുഭവിച്ചറിഞ്ഞെങ്കിൽ മാത്രമേ ആധികാരികമായി സാക്ഷ്യപ്പെടുത്തുവാൻ സാധിക്കൂ. എങ്കിൽ മാത്രമേ സാക്ഷ്യത്തിന് നിലനില്പ്പുണ്ടാകൂ. കണ്ടിട്ട് പറയുന്നതും കേട്ടിട്ട് പറയുന്നതും തമ്മിൽ വ്യത്യാസമുണ്ട്. കേട്ടുകേഴ്വിയും വായ്ച്ചറിവും മാത്രമാണ് യേശുവിനെക്കുറിച്ച് നമുക്കുള്ളതെങ്കിൽ നമ്മുടെ സാക്ഷ്യത്തിന്റെ ശക്തിയും ദുർബലമായിരിക്കും. പലരും യേശുക്രിസ്തുവിന്റെ അനുയായികളായി മാറുവാൻ, യേശുവിനെക്കുറിച്ച് സുവിശേഷിക്കുവാൻ വളരെ തീഷ്ണതയോടെ ഇറങ്ങിത്തിരിക്കും. എന്നാൽ ചെറിയ ചെറിയ പ്രതിസന്ധികൾ ഉണ്ടായാൽ പോലും എല്ലാം ഉപേക്ഷിച്ച് പഴയ അവസ്ഥയിലേക്ക് മടങ്ങിപ്പോകും. അതിന്റെ പ്രധാന കാരണവും ഇതുതന്നെയാണ്. രുചിച്ചറിഞ്ഞെങ്കിൽ മാത്രമേ വിളിച്ചോതുവാൻ നമുക്ക് സാധിക്കൂ.

ആരോടാണ് നാം വിളിച്ചോതേണ്ടത്? കോവിഡ്-19 ന്റെ പ്രത്യേക സാഹചര്യത്തിൽ നമുക്ക് വലിയ വലിയ പ്ലാറ്റ്ഫോമുകൾ ഒന്നും ലഭിച്ചില്ല എന്നു വരാം. എന്നാൽ നമ്മുടെ സാക്ഷ്യനിർവ്വഹണത്തിന് ഏറ്റവും അനുയോജ്യമായ ഒരിടം യേശു നമുക്ക് ഒരുക്കിതന്നിട്ടുണ്ട്. അതാണ് നമ്മുടെ ഭവനം.

നമ്മുടെ കുടുംബാംഗങ്ങളോട്, നമ്മുടെ കുഞ്ഞുങ്ങളോട് ഈ യേശുവിനെക്കുറിച്ച് സാക്ഷിക്കുവാൻ നമുക്ക് സാധിക്കണം. പലപ്പോഴും നമ്മുടെ കുഞ്ഞുങ്ങളെ അരികിൽ കിട്ടാത്ത ഒരു സാഹചര്യം നമുക്കുണ്ടായിരുന്നു. അവരുടെ പഠനവും ട്യൂഷനും മറ്റ് ആക്ടിറ്റിവിറ്റീസുമൊക്കെയായി അവർ എപ്പോഴും തിരക്കിലായിരുന്നു. എന്നാൽ ഈ സാഹചര്യത്തിൽ അവർ എപ്പോഴും നമ്മോടുകൂടെയുണ്ട്. അവരെ ഉപദേശിക്കുവാനും, വചനം പഠിപ്പിക്കുവാനും, യേശുക്രിസ്തുവിനെക്കുറിച്ച് അവരോട് സാക്ഷിക്കുവാനും, ക്രിസ്തു സാന്നിദ്ധ്യം തിരിച്ചറിയുവാൻ അവരെ പ്രാപ്തരാക്കുവാനും അമ്മമാരാകുന്ന നമുക്ക് സാധിക്കണം. അങ്ങനെ ഓരോ കുടുംബങ്ങളും യേശുക്രിസ്തുവിനെ തിരിച്ചറിയുന്നവർ ആകുമ്പോൾ ഇടവകയായും സമൂഹമായും നാം ആ തിരിച്ചറിവിലേക്ക് എത്തിച്ചേരും.

ഇപ്രകാരം നമ്മെ തേടിവരുന്ന യേശുവിനെ തിരിച്ചറിയുവാനും, രുചിച്ചറിയുവാനും, വിളിച്ചോതുവാനും സേവികാസംഘമായി നമുക്ക് സാധിക്കട്ടെ എന്ന് ആശിക്കുന്നു. അതിന് ദൈവം നമ്മെ ഓരോരുത്തരെയും സഹായിക്കട്ടെ. ആമേൻ.

---

## സൃഷ്ടിക്കൊരു സങ്കീർത്തനം

2020 ഡിസംബർ 13 ഞായർ

---

## റൂബി ജൂബിലി സ്പെഷ്യൽ പതിപ്പ്

അടുത്ത ലക്കം ഹെർമ്മോൻ ദൂതൻ സെപ്ഷ്യൽ പതിപ്പായി പ്രസിദ്ധീകരിക്കുവാനാണ് എഡിറ്റോറിയൽ ബോർഡിന്റെ തീരുമാനം ധ്യാനങ്ങൾ, ലേഖനങ്ങൾ, ചെറുകഥകൾ, കവിതകൾ, പരസ്യങ്ങൾ പ്രസിദ്ധീകരിക്കുവാൻ ആഗ്രഹിക്കുന്നവർ നവംബർ 20നു മുമ്പായി ഹെർമ്മോൻ അരമന ഓഫീസിൽ പോസ്റ്റൽ/ഇ-മെയിൽ ആയോ അയച്ചുതരിക. 2020 നവംബർ 20നു മുമ്പ് ലഭിച്ചിരിക്കണം.

കൂടുതൽ വിവരങ്ങൾക്ക്

**റവ. പി. ജെ. തോമസ്**

ഫോൺ: 9447864802, എഡിറ്റർ, ഹെർമ്മോൻ ദൂതൻ

ഹെർമോൻ അരമന, അടൂർ-691 523, E-mail: hermondoothan@gmail.com

---

## അറിയിപ്പ്

മാർത്തോമ്മാ സഭ അടൂർ ഭദ്രാസനത്തിലെ ഇടവകകളിൽ എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ എല്ലാ വിഷയത്തിനും എ പ്ലസ് ലഭിച്ച വിദ്യാർത്ഥികളുടെ ഫോട്ടോയും മാർക്ക് ലിസ്റ്റും ഇടവക വികാരിയുടെ സാക്ഷ്യപത്രത്തോടൊപ്പം ഇ-മെയിൽ/പോസ്റ്റൽ ആയോ ഒക്ടോബർ 30നു അരമന ഓഫിസിലേക്ക് അയയ്ക്കുക.

# പ്രശ്നോത്തരി

കഴിഞ്ഞ ലക്കത്തിലെ വിജയി
**റിൻസി റെജി**
**വാത്തികുളം, ബഥേൽ**

**ശരിയായ ഉത്തരം അയച്ചവർ**

ഏലിയാമ്മ ജേക്കബ്, വാത്തികുളം ബഥേൽ
റിൻസി റെജി, വാത്തികുളം ബഥേൽ
റേഷ്മ ലിജു, വാത്തികുളം ബഥേൽ
ഒ. തോമസ്, വാത്തികുളം ബഥേൽ
ഷേർളി സാം ജോർജ്ജ്, കൊടുമൺ സെഹിയോൻ
ലിനു യോഹന്നാൻ, തുരുത്തിക്കര ഇമ്മാനുവേൽ

ഹെർമ്മോൻ ദൂതൻ പ്രശ്നോത്തരിക്ക് ലഭിക്കുന്ന അഭൂതപൂർവ്വമായ പ്രതികരണത്തിന്
**നന്ദി..**

ശരിയുത്തരം അയയ്ക്കുന്നവരിൽ നിന്ന് നറുക്കെടുപ്പിലൂടെയാണ് വിജയിയെ നിർണ്ണയിക്കുക

**എഡിറ്റർ**

**കഴിഞ്ഞ ലക്കത്തിലെ ശരിയുത്തരം**

1. ആരാധനാലയങ്ങളായി
2. മാർഗ്ഗദീപം
3. സാമൂഹിക പ്രശ്നം
4. വിശ്വാസപരവും വിശുദ്ധമായ ഇടപെടൽ
5. അനന്തരമായ സാദ്ധ്യതകളുടെ ഉറവിടം
6. ദൈവകൃപയുടെ തണൽ
7. ഗുരുവെളിച്ചം

**ഈ ലക്കം ഹെർമ്മോൻ ദൂതൻ അടിസ്ഥാനമാക്കിയുള്ളതാണ് ചോദ്യങ്ങൾ. ശരിയുത്തരം നൽകുന്നവരിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾ സമ്മാർഹനാകുന്നതാണ്. ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി: 2020 നവംബർ 20**

**ഈ ലക്കത്തിലെ ചോദ്യങ്ങൾ**

1. ഭൂമിയിലെ എല്ലാ പരുക്കുകളും ആത്യന്തികമായി തകർക്കുന്നതാര് ?
2. ബന്ധങ്ങളുടെ അടിസ്ഥാനം എവിടെയാണ് ?
3. ഈ കാലയളവിൽ എങ്ങനെ മുമ്പോട്ടുപോകണം?
4. സഭയുടെ ദൃശ്യമായ സാന്നിദ്ധ്യവും ശുശ്രൂഷയും പരിമിതപ്പെട്ട കാലമേത്?
5. വാഹന നിർമ്മാണ കേന്ദ്രങ്ങൾ എന്തിന്റെ കേന്ദ്രങ്ങളായി?
6. കൊറൊണകാലത്ത് മനുഷ്യൻ എന്താണ് പഠിച്ചത്?
7. ഒരു കുഞ്ഞിന്റെ വ്യക്തി വികസനത്തിന്റെ മുഖ്യസ്ഥാനം എവിടെയാണ് ?



**പന്തളം സെന്റർ യുവജനസഖ്യം (UN) LOCK DOWN എന്ന പേരിൽ ഓൺലൈൻ കലാവേദി**












**ഐരാണിക്കുടി ഇമ്മാനുവേൽ മാർത്തോമ്മാ ഇടവക Covid 19 Relief Work**



**കോവിഡ് കാലത്തിൽ നിന്നുള്ള മടങ്ങിവരവിന്റെ പ്രത്യാശ നൽകുന്ന ഒരു ഗാനം**
**ഇടവക യുവജനസഖ്യം തയ്യാറാക്കി ' ലോകമേ ഞങ്ങൾ തിരികെ' എന്ന പേരിൽ പ്രസിദ്ധീകരിച്ചു.**







**നോമ്പ് ധ്യാനം – ഗാനങ്ങളും വചനവായനയും സന്ദേശവുമടങ്ങുന്ന നോമ്പ് ധ്യാനങ്ങളുടെ**
**വീഡിയോകൾ ഇടവകയുവജനസഖ്യം തയ്യാറാക്കി ഓൺലൈനിൽ ലഭ്യമാക്കി**

## ആശാഭവൻ

**പിടവൂർ, പത്തനാപുരം**

എല്ലാവരെയും തുല്യരായി കാണുകയും സ്നേഹിക്കുകയും കരുതുകയും ചെയ്യുന്ന ദൈവത്തിന്റെ കാരുണ്യം സഭയിലൂടെ പ്രവർത്തിച്ചതിന്റെ നിദർശമാണ് പിടവൂർ ആശാഭവൻ. 61 ഭിന്നശേഷിയുള്ള കുട്ടികളും അവരുടെ സഹായത്തിനായി കർമ്മതിരതരായ 19 സ്റ്റാഫും അടങ്ങുന്നതാണ് ആശാഭവൻ കുടുംബം.

എല്ലാവരുടെയും നിരന്തരമായ പ്രാർത്ഥനയും നിസ്വാർത്ഥമായ സഹായസഹകരണവും പ്രതീക്ഷിച്ചുകൊള്ളുന്നു.

കൂടുതൽ വിവരങ്ങൾക്ക്

റവ. സുനിൽ പി. സ്കറിയ (ഡയറക്ടർ)

ഫോൺ: 94009834487

## ദീപ്തി സ്കിൽ ഡെവലപ്മെന്റ് ആന്റ് റീഹാബിലിറ്റേഷൻ സെന്റർ

**പള്ളിപ്പാട്**

അടൂർ ഭദ്രാസനം സേവികാസംഘത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച ദീപ്തി ബാലികാഭവൻ ഇപ്പോൾ ദീപ്തി സ്കിൽ ഡെവലപ്മെന്റ് സെന്റർ എന്ന നിലയിൽ പ്രവർത്തിച്ചു വരുന്നു. സമൂഹത്തിൽ നിർദ്ധനരായ 18 വയസ്സ് കഴിഞ്ഞ് ശാരീരിക – മാനസിക വെല്ലുവിളികൾ നേരിടുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സ്ത്രീകൾക്ക് തൊഴിൽ പരിശീലനം നൽകുന്ന ഇടം.

എല്ലാവരുടേയും സഹകരണവും സഹായവും പ്രതീക്ഷിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക്

വർഗീസ് തരകൻ, ഫോൺ: 9847211434

## ശാന്തിഭവൻ

**വവ്വാക്കാവ്**

സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെടുന്ന വൃദ്ധരായ മാതാപിതാക്കളെ സംരക്ഷിക്കുന്ന സ്ഥാപനം. കേരള ഗവ. അംഗീകാരത്തോടെ 25 പേർ താമസിച്ചു വരുന്നു.

എല്ലാവരുടെയും ആത്മാർത്ഥമായ സഹായവും സഹകരണവും പ്രതീക്ഷിച്ചുകൊള്ളുന്നു.

കൂടുതൽ വിവരങ്ങൾക്ക്

റവ. രാജു ഫിലിപ് സ്കറിയ<br>ഡയറക്ടർ

വർഗീസ് തരകൻ<br>ട്രഷറാർ, 9946440580

Printed & Published by: Rev. Shibu Mathew (Manager), on behalf of Mar Thoma Sabha Adoor Diocese, Hermon Aramana, Adoor P. O.,
Printed at: Mar Thoma Press Thiruvalla, Chief Editor: Rev. P. J. Thomas